# പതിനാലാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2018 ആഗസ്റ്റ് 30, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചരമോപചാരം

അടൽ ബിഹാരി വാജ്‌പേയി, സോമനാഥ് ചാറ്റർജി, എം. കരുണാനിധി, ചെർക്കളം അബ്ദുള്ള, ടി. കെ. ആറുമുഖൻ എന്നിവരുടെയും പ്രളയദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും നിര്യാണം

മുൻ ഇന്ത്യൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയി, മുൻ ലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി, തമിഴ്നാട് മുൻ മുഖ്യമന്ത്രിയും ഡി.എം.കെ. അദ്ധ്യക്ഷനുമായിരുന്ന എം. കരുണാനിധി, മുൻ കേരള തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെർക്കളം അബ്ദുള്ള, മുൻ കേരള നിയമസഭാംഗം ടി. കെ. ആറുമുഖൻ

എന്നിവരുടെയും പ്രളയദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### കാലവർഷക്കെടുതി

മി. സ്പീക്കർ: അസാധാരണമായൊരു സാഹചര്യത്തിലാണ് നിയമസഭയുടെ അടിയന്തര സമ്മേളനം ചേരുന്നത്. പ്രകൃതി ദുരന്തംമൂലം നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങളേയും സ്വപ്നങ്ങളേയും ഓർത്ത് വിലപിക്കുന്നതിനുപകരം കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച കൂട്ടായ ആലോചനയാണ് ഇവിടെ നടക്കേണ്ടത്. ദുരന്ത പ്രതിരോധത്തിൽ ലോകത്തെ വിസ്മയിപ്പിച്ച ഒരുമയുടെ മാതൃക കേരളം സൃഷ്ടിക്കുകയുണ്ടായി. പ്രളയ ബാധിതപ്രദേശങ്ങൾ സന്ദർശിക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഒന്നിച്ച് നടത്തിയ യാത്രയിൽ നിന്നും തുടങ്ങിയ ഒരുമ ലോകത്തെല്ലാമുള്ള മലയാളികളുടെ സഹായ പ്രവാഹമായി വളർന്നിരിക്കുകയാണ്. വിവിധ മേഖലയിലുള്ളവർ പ്രളയബാധിതർക്ക് നൽകിയ സ്നേഹവും സഹായങ്ങളും മലയാള മനസ്സിന്റെ അഭിമാനസ്തംഭമായി എല്ലാക്കാലത്തും അറിയപ്പെടും. ജലദുരന്തത്തിന്റെ

അനുഭവത്തിൽ മണ്ണ് സംരക്ഷണം, ഭവന നിർമ്മാണത്തിലുള്ള പരമ്പരാഗത രീതികൾ, ജലസമ്പത്ത്, ഊർജ്ജോല്പാദനത്തെ സംബന്ധിച്ചുള്ള രീതികൾ, അണക്കെട്ടുകളുടെ സംഭരണശേഷി തുടങ്ങിയവ സംബന്ധിച്ച് സമൂഹത്തിൽ ഉയർന്നുവന്ന വ്യത്യസ്ത അഭിപ്രായങ്ങൾ പരിഗണിക്കാനും സംവാദത്തിന് സാധ്യതയൊരുക്കാനും കേരളത്തിന്റെ കുറവുകൾ പരിഹരിക്കാനുമുള്ള പാഠമായി ഈ ദുരന്തത്തെ അഭിമുഖീകരിക്കാൻ കഴിയണം. പ്രളയത്തെ പ്രതിരോധിക്കാൻ ലോകം പൊതുവെയും മലയാളികളാകെയും കാണിച്ച അനിതരസാധാരണമായ സ്നേഹവായ്പിനും പിന്തുണയ്ക്കും സഭ നന്ദി രേഖപ്പെടുത്തുന്നു. ഈ പ്രത്യേക സഭാ സമ്മേളനം ആരോഗ്യകരമായ തുടർ ചർച്ചകൾക്കും സംവാദങ്ങൾക്കും വേദിയായി തീരട്ടെയെന്നും സാർത്ഥകമായ ചർച്ചകളിലൂടെ നമ്മുടെ അനുഭവത്തെ പരിശോധിക്കാനും പുതുജീവിതം സൃഷ്ടിക്കാനും കഴിയട്ടെയെന്നും ആഗ്രഹിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): " സംസ്ഥാനത്ത് പൊതുവിലുണ്ടായ കാലവർഷക്കെടുതിമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പുനർനിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളും ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ കാലവർഷക്കെടുതിക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. മൺസൂണിന്റെ തുടക്കത്തിൽത്തന്നെ ദുരന്തം വിതച്ച കാലവർഷം ആഗസ്റ്റ് മാസമായപ്പോൾ മഹാപ്രളയത്തിലേയ്ക്ക് എത്തുകയും ലക്ഷക്കണക്കിന് കേരള ജനതയുടെ ജീവിതം അതീവ ദുരിതമായി മാറുകയും ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ തുടങ്ങിയവയുടെ ഫലമായി 483 പേർ മരണപ്പെടുകയും 14 പേരെ കാണാതാകുകയും 140 പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിലൂടെ മരണസംഖ്യ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. വീടുകൾക്കും ജീവനോപാധികൾക്കും പശ്ചാത്തല സൗകര്യങ്ങൾക്കുമുണ്ടായ കെടുതി സംസ്ഥാനത്തിന്റെ വികസനപ്രക്രിയയെ തകിടംമറിക്കുന്ന വിധത്തിലുള്ളതാണ്. ദുരന്തത്തെ അതിജീവിക്കുന്നതിന്റെ ഭാഗമായുള്ള ആദ്യഘട്ട രക്ഷാപ്രവർത്തനം അവസാനിക്കുകയും രണ്ടാം ഘട്ടമായ പുനരധിവാസം നടന്നുവരികയുമാണ്. പുനർനിർമ്മാണമെന്ന മൂന്നാം ഘട്ടത്തിന് പുതിയ കേരളസൃഷ്ടിയെ അടിസ്ഥാനമാക്കിയുള്ള നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ചർച്ചകൾ ഈ സമ്മേളനത്തിൽ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു. സഭാംഗങ്ങളുടെ കക്ഷിഭേദമെന്യേയുള്ള കൂട്ടായ പ്രവർത്തനം രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന്

സർക്കാരിന് സഹായകരമായി. സംസ്ഥാനത്ത് കാലവർഷക്കെടുതിയുണ്ടാകുമെന്ന സൂചന കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്ന് ലഭിച്ചപ്പോൾത്തന്നെ അത് നേരിടുന്നതിനാവശ്യമായ ഇടപെടൽ സർക്കാർ ആരംഭിച്ചിരുന്നു. വിവിധ തലങ്ങളിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും പ്രവചിച്ചതിനേക്കാൾ പതിന്മടങ്ങ് ശക്തമായ കാലവർഷമുണ്ടായത് കെടുതികൾ രൂക്ഷമാക്കുന്നതിന് കാരണമായി. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, മലപ്പുറം, കണ്ണൂർ, പാലക്കാട് തുടങ്ങിയ ജില്ലകളിലുണ്ടായ ഉരുൾപൊട്ടലുകളും വെള്ളപ്പൊക്കവും വലിയ നാശനഷ്ടമുണ്ടാക്കുകയും വയനാട് ജില്ല ഒറ്റപ്പെടുകയും ചെയ്തു. ആലപ്പുഴ, കോട്ടയം, കൊല്ലം ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ വെള്ളപ്പൊക്കംമൂലം ജനങ്ങളെ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കേണ്ട സ്ഥിതിയുണ്ടായി. മഴ കനത്തതോടെ കേരളത്തിലെ നദികളും ഡാമുകളും നിറഞ്ഞുകവിയുകയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപകമാകുകയും ചില സ്ഥലങ്ങളിൽ നദി വഴിമാറി ഒഴുകുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ലക്ഷക്കണക്കിന് വീടുകളിൽ വെള്ളം കയറുകയും റോഡുകളും പാലങ്ങളും വ്യാപകമായി തകരുകയും ആയിരക്കണക്കിന് ഹെക്ടർ കൃഷിഭൂമി വെള്ളത്തിനടിയിലാകുകയും വളർത്തുമൃഗങ്ങളും പക്ഷികളും നഷ്ടമാകുകയും ജീവനോപാധികൾ പൂർണ്ണമായും തകർന്നുപോകുകയും ഭൂമിയുടെ പ്രതലഘടനതന്നെ

മാറിപ്പോകുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. ദുരന്തവ്യാപ്തി കണക്കിലെടുത്ത് കേന്ദ്ര സേനയുടെയും സൈനിക വിഭാഗങ്ങളുടെയും സേവനം ഉറപ്പുവരുത്തി. സന്നദ്ധ സംഘടനകളും പൊതുജനങ്ങളും മത്സ്യത്തൊഴിലാളികളും നടത്തിയ രക്ഷാപ്രവർത്തനത്തിനുപുറമെ പോലീസ്, ഫയർഫോഴ്സ് സംവിധാനങ്ങളെയും അണിനിരത്തി യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിയ ഇടപെടലുകളാണ് മരണസംഖ്യ കുറച്ചുകൊണ്ടുവരാൻ സഹായിച്ചത്. കാലവർഷക്കെടുതിയുടെ തുടക്കത്തിൽത്തന്നെ രക്ഷാപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി സെക്രട്ടേറിയറ്റിലും ജില്ലാ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിക്കുകയും ജില്ലകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർമാരെ നിശ്ചയിക്കുകയും ഐ.എ.എസ്. ഉദ്യോഗസ്ഥരെ സ്പെഷ്യൽ ഓഫീസർമാരായി ദുരന്തബാധിത പ്രദേശങ്ങളിൽ നിയോഗിക്കുകയും രക്ഷാപ്രവർത്തനത്തിന്റെ ചുമതല പോലീസ് സേനയ്ക്ക് കൈമാറുകയും ചെയ്തു. ഓരോ ജില്ലയിലും ചുമതല നൽകിയ മന്ത്രിമാരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ വിളിച്ചുചേർത്ത് സ്ഥിതിഗതികൾ വിലയിരുത്തി. 2018 ആഗസ്റ്റ് 21-ന് സർവ്വകക്ഷി യോഗവും വിവിധ ഘട്ടങ്ങളിലായി മന്ത്രിസഭാ യോഗങ്ങളും ചേരുകയും ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതിന് മന്ത്രിസഭാ ഉപസമിതിയെ നിശ്ചയിക്കുകയും പുനർനിർമ്മാണത്തിനുള്ള അധിക

വിഭവ സമാഹരണവും അടിയന്തര ധനസഹായവും നൽകുന്നതുൾപ്പെടെയുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. കൃത്യസമയത്തുള്ള ഇടപെടലുകൾ ദുരിതാശ്വാസ പ്രവർത്തനങ്ങളെ ശരിയായ പാതയിലൂടെ നയിക്കുന്നതിന് സാധിച്ചു. രക്ഷാപ്രവർത്തനത്തിലേർപ്പെട്ട എല്ലാവരുടെയും സേവനത്തെ സർക്കാർ മാനിക്കുന്നു. ക്യാമ്പുകളിലുള്ളവർക്ക് ഭക്ഷണവും അടിസ്ഥാന സൗകര്യങ്ങളുമൊരുക്കുന്നതിൽ വലിയ സഹായമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുൾപ്പെടെ ഉണ്ടായത്. ആർമി, എയർഫോഴ്സ്, നാവികസേന, കോസ്റ്റ് ഗാർഡ് തുടങ്ങിയ കേന്ദ്ര സേനകൾക്ക് പുറമെ നാൽപ്പതിനായിരത്തോളം പോലീസ് സേനയും മൂവായിരത്തി ഇരുന്നൂറോളം ഫയർ ഫോഴ്സ് അംഗങ്ങളും വനം, എക്സൈസ്, ജയിൽ, മോട്ടോർ വാഹനം, റവന്യൂ എന്നീ വകുപ്പുകളിലെ ജീവനക്കാരും നാട്ടുകാരും രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേർന്നു. പ്രളയദുരന്തവുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകൾ വാസയോഗ്യമാക്കുന്നതിനും ഗതാഗതം, വൈദ്യുതി, കുടിവെള്ളം, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രാഥമിക ചെലവിനായി 10,000 രൂപയും വീടുകളിൽ താമസമുറപ്പിക്കുന്നതിനായി അത്യാവശ്യ വസ്തുക്കളടങ്ങിയ കിറ്റ് സൗജന്യമായി നൽകുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് അവ വിതരണം ചെയ്യുന്നതിനും നഷ്ടപ്പെട്ട രേഖകൾ ഐ.റ്റി. വകുപ്പിന്റെ സഹായത്തോടെ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രിയാത്മകമായ ചർച്ചയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ പുനർനിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. വിവിധ രാജ്യങ്ങൾ/ഇതര സംസ്ഥാനങ്ങളിൽനിന്ന് സഹായവാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. പുനർനിർമ്മാണത്തിനായി ഒരു മാസത്തെ വേതനം ലഭ്യമാക്കണമെന്ന നിർദ്ദേശം പല സർവ്വീസ് സംഘടനകളും സ്വാഗതം ചെയ്യുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മലയാളികളുൾപ്പെടെയുള്ളവർ ഇതിനോട് അനുകൂലമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയക്കെടുതിക്ക് അടിയന്തര സഹായമായി കേന്ദ്ര സർക്കാരിൽനിന്നും 600 കോടി രൂപ ലഭിച്ചതുകൂടാതെ തുടർ പരിശോധനയ്ക്കുശേഷം കെടുതിയുടെ വ്യാപ്തി കണക്കിലെടുത്ത് കൂടുതൽ തുക കേന്ദ്ര സർക്കാർ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുകയുമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സഹായ വാഗ്ദാനങ്ങൾ നിയമപരമായ രീതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. ലോകബാങ്ക് സംഘം കേരളത്തിന് സഹായം നൽകുന്നതിന്റെ ഭാഗമായി സന്ദർശനം നടത്തുകയും ചർച്ച ചെയ്യുകയും

ചെയ്തിട്ടുണ്ട്. ലോക കേരള സഭയുടെ ശേഷി ഉപയോഗപ്പെടുത്തി പ്രവാസി മേഖലയിൽനിന്നുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. പാരിസ്ഥിതിക കാര്യങ്ങൾ കണക്കിലെടുത്ത് പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ വേഗത്തിൽ ബാധിക്കുന്ന പ്രദേശങ്ങളിൽ പുനരധിവാസ/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്. തകർന്നുപോയ റോഡുകളും പാലങ്ങളും ഉൾനാടുകളിലെ പശ്ചാത്തല സൗകര്യങ്ങളും പുന:സ്ഥാപിച്ച് ജനജീവിതം സാധാരണനിലയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. കാർഷിക-ചെറുകിട വൻകിട വ്യാപാര-വ്യവസായ മേഖലകളിലുണ്ടായിരിക്കുന്ന നിശ്ചലാവസ്ഥ പരിഹരിക്കുന്നതിനും ജീവനോപാധികൾ ലഭ്യമാക്കുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകുന്നതാണ്. പ്രളയത്തിൽ തകർന്ന കേരളത്തെ പ്രൗഢോജ്ജ്വലമായി ഉയർത്തെഴുന്നേൽപ്പിക്കുന്നതിന് നാം ഒറ്റക്കെട്ടായി പ്രവർത്തിക്കണം. അതിന് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ശ്രീ. എസ്. ശർമ്മ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം അഭിമുഖീകരിച്ച ഏറ്റവും വലിയ ദുരന്തത്തെ ലോകത്തിലെ ഏറ്റവും മികച്ച രക്ഷാപ്രവർത്തന ദൗത്യത്തിലൂടെ അതിജീവിച്ചത് അഭിനന്ദനാർഹമാണ്. മത്സ്യത്തൊഴിലാളികൾ മീൻപിടുത്ത ബോട്ടുകളും മറ്റും ഉപയോഗിച്ച് 65000-ത്തിൽപ്പരം ആളുകളെ

രക്ഷിച്ചത് അഭിനന്ദനാർഹമാണ്. സർക്കാരും ജനങ്ങളും സന്ദർഭോചിതമായി പ്രവർത്തിച്ചതിനാൽ നിരവധി പേരെ രക്ഷിക്കാൻ സാധിച്ചു. വാർത്തകൾ യഥാവിധം റിപ്പോർട്ടുചെയ്ത മുഴുവൻ മാധ്യമ പ്രവർത്തകരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. ആർമി, നേവി, കോസ്റ്റ് ഗാർഡ്, ദുരന്തനിവാരണസേന, പോലീസ്, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ അനുഷ്ഠിച്ച സേവനങ്ങളും അഭിനന്ദനാർഹമാണ്. മഹാപ്രളയം ജനജീവിതം താറുമാറാക്കിയ പശ്ചാത്തലത്തിൽ നവകേരളസൃഷ്ടിക്കായി ആസൂത്രിതവും ഏകോപിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. വെള്ളപ്പൊക്കത്തിന്റെ ഉയർന്ന ലെവൽ അതാതിടത്ത് അളന്ന് തിട്ടപ്പെടുത്തുക, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ഗ്രാമീണ നഗരവാസികളെ ബോധവത്കരിക്കുക, പ്രകൃതി ദുരന്തങ്ങൾ അതിജീവിക്കാൻ പരിശീലനം നൽകുക, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക, പരിസ്ഥിതി വ്യതിയാനവുമായി പൊരുത്തപ്പെട്ട് ജീവിക്കാൻ പ്രേരിപ്പിക്കുകയും പരിസ്ഥിതിക്കിണങ്ങിയ സുസ്ഥിര വികസന രീതി അനുവർത്തിക്കുകയും ചെയ്യുക, കാറ്റാടി-കണ്ടൽ വനവത്കരണത്തിലൂടെ ജൈവകവചവും ജൈവവേലിയും പടുത്തുയർത്തി തീരദേശങ്ങൾ സംരക്ഷിക്കുക, മണ്ണ്, വായു, വെള്ളം തുടങ്ങിയവ പരിരക്ഷിക്കുക, പ്രകൃതിയുടെ താങ്ങുശേഷിക്കനുസൃതമായ വികസന രീതികൾ മാത്രം

പിൻതുടരുക, നദികളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കി ജലശേഷി വർദ്ധിപ്പിക്കുക, അഴിമുഖങ്ങളിലും തുറമുഖങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്ത് കൃഷി രീതികൾ വികസിപ്പിക്കുക, കുടിവെള്ള സ്രോതസ്സുകൾ ഫലപ്രദമായി സംരക്ഷിക്കുക, നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് മാലിന്യ നിർമ്മാർജ്ജനം നിർവ്വഹിക്കുക, വില്ലേജ് അടിസ്ഥാനത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനം ആരംഭിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഈ അവസരത്തിൽ നവകേരള സൃഷ്ടിക്കായി സമർപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഒരു ആയുസ്സ് കൊണ്ട് നേടിയതെല്ലാം വെള്ളത്തിൽ ഒഴുകിപ്പോയ ദൗർഭാഗ്യകരമായ അവസ്ഥയിലാണ് കേരള ജനത. ഭക്ഷണത്തിന് വകയും കിടക്കാൻ ഇടവും ഉടുക്കാൻ വസ്ത്രവുമില്ലാതെ ജീവിതം വഴിമുട്ടി നിൽക്കുന്ന അമ്പതിനായിരം കുടുംബങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു ജനപ്രതിനിധി എന്ന ദൗർഭാഗ്യമാണ് എനിക്കുള്ളത്. നഷ്ടപ്പെട്ട വീടും ഉപജീവനമാർഗ്ഗങ്ങളും വീണ്ടെടുത്ത് ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന് പരിപൂർണ്ണ പിന്തുണ ഉറപ്പുനൽകുന്നു. ഗവൺമെന്റ് പ്രഖ്യാപിച്ച 10,000 രൂപയുടെ അടിയന്തര സഹായം എത്രയുംവേഗം വിതരണം ചെയ്യുന്നതിനും പാളിച്ചകൾ പരിഹരിച്ച് എല്ലാ വീടുകളിലും ഭക്ഷ്യസാധന കിറ്റ് എത്തിക്കുന്നതിനും

നടപടി സ്വീകരിക്കണം. ഡാമുകളിൽനിന്ന് ഇനിയും വെള്ളം തുറന്നുവിടുമോയെന്ന ആശങ്ക നിലനിൽക്കുകയാണ്. ഇത് പ്രകൃതി ദുരന്തമല്ല മറിച്ച് മനുഷ്യനിർമ്മിതമായ ദുരന്തമാണ്. മഴ തകർത്തുപെയ്യുമ്പോൾ നദികൾ നിറയാൻ കാത്തുനിന്ന് എല്ലാ ഡാമുകളും ഒരുമിച്ച് തുറന്നുവിട്ട് മഹാ പ്രളയം സൃഷ്ടിച്ചത് കെടുകാര്യസ്ഥതയുടെയും ആസൂത്രണമില്ലായ്മയുടെയും കുറ്റകരമായ അനാസ്ഥയുടെയും ബാക്കിപത്രമാണ്. ഡാമിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളത്തിന്റെയും നിയന്ത്രിതമായി പുറത്തേയ്ക്ക് വിടേണ്ട വെള്ളത്തിന്റെയും അളവ്, കാലാവസ്ഥാ പ്രവചനം, നദീതടത്തിന്റെ പ്രത്യേകതകൾ, വെള്ളം ഒഴുകിപോകേണ്ട കടലിലെ ഔട്ട്ലെറ്റ് ഇവയെപ്പറ്റിയൊന്നും ധാരണയില്ലാത്ത, ഡാം മാനേജ്മെന്റിന്റെ ബാലപാഠങ്ങൾ പോലും അറിയാത്തവരെ അതിന്റെ ഉത്തരവാദിത്വം ഏല്പിച്ചതുമൂലമുള്ള ദുരന്തമാണ് ഉണ്ടായിരിക്കുന്നത്. കടലിൽ വേലിയേറ്റമായിരുന്നതിനാൽ ഇടുക്കി ഡാം തുറന്നപ്പോൾ വെള്ളം മുഴവൻ കടൽ കിഴക്കോട്ട് തള്ളിയതിനാലാണ് പറവൂർ മുഴവൻ വെള്ളം കയറിയത്. വേലിയിറക്ക സമയത്ത് വെള്ളം തുറന്നുവിടണമെന്ന് അറിയാതെ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് രാത്രിയിൽ മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിട്ടു. ഡാമിൽനിന്നും നിയന്ത്രിത അളവിൽ വെള്ളം തുറന്നുവിടാൻ സമയമുണ്ടായിരുന്നപ്പോൾ അതിന് ചുമതലപ്പെട്ടവർ നിഷ്ക്രിയരായി നോക്കിനിൽക്കുകയായിരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിന് ഐ.പി.എസ്./ഐ.എ.എസ്. ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്ന് പറഞ്ഞെങ്കിലും രണ്ട് സി.ഐ. മാരും രണ്ട് എസ്.ഐ.മാരും അടക്കം ഏഴ് പോലീസുകാരെ വച്ചാണ് പറവൂരിൽ രക്ഷാപ്രവർത്തനം നടന്നത്. നാല് ദിവസം വെള്ളവും ഭക്ഷണവുമില്ലാതെ ഒറ്റപ്പെട്ട ക്യാമ്പുകളിലുണ്ടായിരുന്ന സുഖമില്ലാത്ത ആളുകളെ മാറ്റാൻ ആംബുലൻസ് ഉണ്ടായിരുന്നില്ല. മൃതദേഹം കൊണ്ടുപോകാൻ കെ.എസ്.ആർ.ടി.സി. ബസിനെ ആശ്രയിക്കേണ്ടിവന്ന ദൗർഭാഗ്യവുമുണ്ടായി. ആർമിയും നേവിയും എത്തിയിട്ടും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനോ ഏത് തരത്തിലുള്ള രക്ഷാപ്രവർത്തനമാണ് നടത്തേണ്ടതെന്ന് മുന്നറിയിപ്പ് കൊടുക്കാനോ ആരുമുണ്ടായില്ല. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ മണ്ഡലത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ തഹസീൽദാർ മാത്രമായിരുന്നു. മത്സ്യത്തൊഴിലാളികളും പൊതുജനങ്ങളും ജീവൻ പണയം വച്ച് നടത്തിയ രക്ഷാപ്രവർത്തനത്തിന്റെ പേരിൽ അഭിമാനം കൊള്ളാൻ ഗവൺമെന്റിന് കഴിയില്ല. ഡാം തുറന്നുവിട്ടതുകൊണ്ടല്ല മഴ പെയ്തതുകൊണ്ടാണ് ദുരന്തമുണ്ടായതെന്ന നിലപാട് മുല്ലപ്പെരിയാർ കേസിൽ കേരളത്തിന് പ്രതികൂലമാകും. പ്രളയത്തിന് ഉത്തരവാദികളായവരെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത ദുരന്തത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

പ്രളയദുരന്തത്തെ കേരള ജനത ഒറ്റമനസ്സായി നേരിടുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളും സ്വീകരിക്കണം. പ്രളയത്തിന് കാരണം ശക്തമായ മഴയും കുന്നിടിച്ചിലും ഉരുൾപൊട്ടലുമാണ്. കേരളത്തിന്റെ പുനർനിർമ്മാണം സുസ്ഥിര വികസനത്തിന്റെ അതിർവരമ്പുകൾ തീർച്ചപ്പെടുത്താനുള്ള അവസരമാണ്. കുന്നിടിച്ചും വനം കയ്യേറിയും വയൽ നികത്തിയും തടയണകൾ കെട്ടിയും നടത്തിയ അനധികൃതവും അശാസ്ത്രീയവുമായ നിർമ്മാണങ്ങളും മറ്റ് പ്രവർത്തനങ്ങളും കണ്ടില്ലെന്ന് നടിക്കരുത്. ദുരന്തനിവരാണ പ്രവർത്തനങ്ങളിൽ കാണിക്കുന്ന ശുഷ്കാന്തി ദുരന്തങ്ങൾ ഒഴിവാക്കുന്ന പ്രവർത്തനങ്ങളിലുമുണ്ടാകണം. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കുറേക്കൂടി ശാസ്ത്രീയമായി പുനർനിർവ്വചിക്കാൻ തയ്യാറാകണം. വികസനമെന്ന വ്യാജേന പ്രകൃതിയിന്മേലുണ്ടാകുന്ന അനിയന്ത്രിത ഇടപെടലുകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനുള്ള നിയമങ്ങൾ കർശനമാക്കുന്നതോടൊപ്പം കേരളമൊട്ടാകെ വിശിഷ്യാ മൂന്നാറിലെയും പരിസരപ്രദേശങ്ങളിലെയും അനധികൃത നിർമ്മാണങ്ങൾ പൊളിക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ പുനരാരംഭിക്കണം. കുന്നിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്ന അനധികൃത ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കാനും ക്വാറികൾക്ക് നിയമപരമായി

നൽകിയ ഇളവുകൾ പിൻവലിക്കാനും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മാതൃകാപരമായി നടപ്പിലാക്കാനും തയ്യാറാകണം. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിനെ ശാസ്ത്രീയമായി സമീപിച്ച് ആയത് വീണ്ടും പഠനവിധേയമാക്കുന്നതിനും തകർന്നുപോയ വീടുകളും പാലങ്ങളും റോഡുകളും പുനർനിർമ്മിക്കുന്നതിനും പരമ്പരാഗത ജലനിർഗ്ഗമന മാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രളയക്കെടുതിക്കിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്താനും അശാസ്ത്രീയവും വ്യക്തിപരവുമായ വികസനപ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാനും പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാനും സർക്കാർ മുൻകയ്യെടുക്കണം. നവകേരള സൃഷ്ടിക്കായി സമഗ്രമായൊരു മാസ്റ്റർ പ്ലാനിന് രൂപം നൽകാനും അതിന് പ്രത്യേകം ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി വിവിധ മേഖലകളിലുള്ള വിദഗ്ദ്ധരും യുവജനങ്ങളും സാമൂഹ്യപ്രവർത്തകരുമടങ്ങുന്ന കർമ്മ സേനയ്ക്ക് രൂപം നൽകാനും സർക്കാർ തയ്യാറാകണം. കേന്ദ്ര സഹായം സമയബന്ധിതമായി നേടിയെടുക്കുന്നതിന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ കൂട്ടായ പരിശ്രമം ആവശ്യമാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട തീരദേശ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള എല്ലാവരേയും അനുമോദിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളത്തെ ബാധിച്ച

മഹാപ്രളയത്തെത്തുടർന്ന് കുടുംബാംഗങ്ങളൊന്നാകെ ഒലിച്ചുപോവുകയും ഒട്ടേറെ നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്ത ദാരുണമായ സംഭവത്തെ അതിജീവിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരും പത്തനംതിട്ട ജില്ല ഒന്നാകെയും പൂർണ്ണമായി ഒറ്റപ്പെടുകയും എഴിക്കാട്ടൂർ കോളനി പൂർണ്ണമായി തകരുകയും ആറന്മുള, കുട്ടനാട് പ്രദേശങ്ങളിൽ വൻ നാശനഷ്ടമുണ്ടാവുകയും ചെയ്തു. സർക്കാരിന്റെ നേതൃത്വത്തിൽ കൃത്യമായ മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ പോലീസ്, ഫയർഫോഴ്സ്, കര-നാവിക-വ്യോമസേനാ വിഭാഗങ്ങൾ, കോസ്റ്റ് ഗാർഡ്, എൻ.ഡി.ആർ.എഫ്. എന്നിവയും മത്സ്യത്തൊഴിലാളികളും പൊതുജനങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി അനേകായിരം ജീവനുകളെ ദുരിതബാധയിൽ നിന്നും രക്ഷിക്കാൻ സാധിച്ചുവെന്നത് കേരള ജനതയുടെ നിശ്ചയദാർഢ്യത്തെ വെളിപ്പെടുത്തുന്നതാണ്. തുടർച്ചയായുള്ള മഴയും ഉരുൾപൊട്ടലുമാണ് പല സ്ഥലങ്ങളിലും വെള്ളപ്പൊക്കമുണ്ടാകുന്നതിനും ഡാമില്ലാത്ത മണിമല, അച്ചൻകോവിൽ, ചാലിയാർ നദികൾ കരകവിഞ്ഞൊഴുകുന്നതിനും കാരണമായത്. ഈ സമയത്ത് ചെറിയ പാളിച്ചകൾ ചൂണ്ടിക്കാണിച്ച് സർക്കാരിനെ കുറ്റപ്പെടുത്താതെ ദുരിതബാധിതരായി ക്യാമ്പുകളിൽ കഴിയുന്നവരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ ശ്രമിക്കുന്നതോടൊപ്പം നവകേരള

സൃഷ്ടിക്കായി ഭരണപക്ഷത്തോടൊപ്പം ചേരേണ്ട സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കേണ്ടത്. ഇനിയൊരു വെള്ളപ്പൊക്കമോ പ്രളയമോ ഉണ്ടായാൽ അതിനെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആലപ്പുഴയിൽ വേണ്ടത്ര മഴമാപിനികൾ സ്ഥാപിക്കുന്നതിനും വെള്ളപ്പൊക്ക ദുരിതബാധിത പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കൃത്യമായ ഭൂവിനിയോഗ നയം രൂപപ്പെടുത്തുകയും എല്ലാ പ്രദേശങ്ങളിലും ശാസ്ത്രീയമായ രീതിയിൽ മഴക്കുഴികളുണ്ടാക്കുകയും ദേശീയ കെട്ടിട നിർമ്മാണ ചട്ടത്തിന് അനുസൃതമായി സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കുകയും വേണം. വീടുകളുടെ തറവിസ്തൃതിക്ക് പരിധി ഏർപ്പെടുത്തുകയും കെട്ടിട നിർമ്മാണ വേളയിൽ ദുരന്തസാദ്ധ്യതാ പഠനം നടത്തുകയും ചെയ്യുന്നതോടൊപ്പം കുന്നുകളും മലകളും സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനും നദീതീര കയ്യേറ്റം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഏറനാട്ടിലെ 13 ആദിവാസികൾ ഉരുൾപൊട്ടൽമൂലം മരണപ്പെട്ടതുൾപ്പെടെ മലപ്പുറം ജില്ലയിൽ ആകെ 47 ആളുകളാണ് കാലവർഷക്കെടുതിയിൽ മരണപ്പെട്ടത്. ആദിവാസികൾക്ക് അതാത് സ്ഥലങ്ങളിൽ തന്നെ വീട് നിർമ്മിച്ച് നൽകുന്നതിനും വീടും ഭൂമിയും

നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപ വച്ച് നൽകുന്നതിനും ദുരിതബാധിതർക്ക് നൽകുന്ന സാമ്പത്തിക സഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. പല സ്ഥലങ്ങളിലും ശക്തമായ മഴയുണ്ടായിട്ടും ഉരുൾപൊട്ടൽ മുന്നിൽക്കണ്ട് ജനങ്ങളെ പ്രസ്തുത സ്ഥലങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കാതിരുന്നതും മുന്നറിയിപ്പില്ലാതെ ബാണാസുരസാഗർ അണക്കെട്ട് തുറന്നതും ദുരിതാശ്വാസ ക്യാമ്പുകളിലെ പിഴവുകളും ഗവൺമെന്റിന്റെ വീഴ്ചയാണ്. ഈ അവസരത്തിൽ രാഷ്ട്രീയസ്വഭാവം മാറ്റിവച്ച് എല്ലാവരും ഒറ്റക്കെട്ടായിനിന്ന് ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചർച്ച നടത്തി ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും തകർന്ന റോഡുകളും പാലങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിക്കുകയും അതിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളായ സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ച നടത്തുകയും വേണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> ഉപക്ഷേപത്തെ പിന്താങ്ങുന്നു. കാലവർഷക്കെടുതിമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം കണക്കാക്കുമ്പോൾ നെൽക്കൃഷിക്കും നാണ്യവിളകൾക്കുമുണ്ടായിട്ടുള്ള നഷ്ടം പ്രത്യേകമായി കണക്കാക്കി കർഷകരെ സംരക്ഷിക്കണം. സെക്കന്റ് ക്രോപ് കൃഷി ചെയ്യുന്നതിന് അടിയന്തരമായി കനാലുകൾ റിപ്പെയർ ചെയ്യുകയും ഓരോ പ്രദേശത്തെയും പരമാവധി പ്രളയനിരപ്പ് സ്റ്റിമുലേഷൻ സ്റ്റഡി നടത്തി വ്യക്തമായി

കാണത്തക്കവിധം രേഖപ്പെടുത്തുകയും വേണം. ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാനും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വലും അടിയന്തരമായി തയ്യാറാക്കണം. വരൾച്ചയും വെള്ളപ്പൊക്കവും നേരിടുന്നതിന് റിസർവോയർ പരിപാലനമുണ്ടാകണം. നാഷണൽ ഹൈഡ്രോളിക് പ്രോജക്ടിന് അനുവദിച്ച തുക പരമാവധി ഉപയോഗപ്പെടുത്തണം. ജലസേചനം, വൈദ്യുതി, വെള്ളപ്പൊക്ക നിയന്ത്രണം എന്നിവയ്ക്ക് സഹായകരമാകുന്ന രീതിയിൽ ഭാവിയിൽ ഡാമുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. മഴ കൂടുതൽ ലഭിക്കുന്ന സ്ഥലങ്ങളിൽ കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതിനും ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മണ്ണ് പരിശോധന നടത്തുന്നതിനും തയ്യാറാകണം. കൃഷി നിലനിർത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം.

ശ്രീ. കെ. എം. മാണി: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനത്ത് മഹാപ്രളയത്തിലൂടെ വലിയ നാശനഷ്ടങ്ങളാണുണ്ടായത്. കേരള ജനതയൊന്നാകെ ഇതിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവെന്നത് ആശ്വാസകരമാണ്. പ്രളയക്കെടുതിയിലൂടെ 1,35,454 ഏക്കർ സ്ഥലത്തെ കൃഷിയും 25,000 ഹെക്ടർ നെൽക്കൃഷിയും നശിക്കുകയുണ്ടായി. കാർഷിക മേഖലയെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഇടുക്കിയിൽ 278 സ്ഥലത്ത് ഉരുൾപൊട്ടുകയും 1800-ലേറെ സ്ഥലത്ത് മണ്ണിടിച്ചിലുണ്ടാകുകയും റോഡുകൾ മുഴുവൻ

നാശോന്മുഖമാകുകയും ചെയ്തു. 70,000 വീടുകളെങ്കിലും വാസയോഗ്യമാക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കണം. കൃഷി നാശം സംഭവിച്ച എല്ലാ കർഷകർക്കും പൂർണ്ണമായ നഷ്ടപരിഹാരം നൽകാനും കർഷകർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളാനും പുനരുദ്ധാരണത്തിന് ദീർഘകാല പലിശരഹിത വായ്പ അനുവദിക്കാനും കൃഷിയിൽനിന്നും വരുമാനം ലഭിക്കുന്നതുവരെ ആറ് മാസത്തേയ്ക്കെങ്കിലും ഉപജീവന അലവൻസ് നൽകാനും നടപടി സ്വീകരിക്കണം. ഡാം മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കണം. എല്ലാ ഡാമുകളും കൂട്ടത്തോടെ തുറന്നുവിടുന്നതിനുപകരം ഘട്ടംഘട്ടമായി തുറന്നിരുന്നുവെങ്കിൽ ഇങ്ങനെയൊരു അവസ്ഥയുണ്ടാകുമായിരുന്നില്ല. ചാനലുകളിൽ അടിഞ്ഞുകിടക്കുന്ന മണ്ണ് നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ നടപടി സ്വീകരിക്കണം. ഉരുൾപൊട്ടലുണ്ടായ പ്രദേശത്തെയും സമീപ പ്രദേശങ്ങളിലെയും മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും നിരോധിക്കുന്നത് ശരിയല്ല. പ്രളയ ദുരിതാശ്വാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന തുകകൾക്കായി പ്രത്യേകം അക്കൗണ്ട് രൂപീകരിക്കുകയും കിട്ടുന്ന തുക മുഴുവൻ ദുരിതാശ്വാസ പ്രവർത്തനത്തിനായി ചെലവഴിക്കുകയും ചെയ്യണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയബാധിതർക്ക് അടിയന്തര ധനസഹായമായി അനുവദിച്ച 10,000 രൂപ എത്രയുംവേഗം

ലഭ്യമാക്കണം. കുട്ടനാട്ടിൽ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന വീടുകളെ സംരക്ഷിക്കാനും വാസയോഗ്യമാക്കാനും നടപടി സ്വീകരിക്കണം. എലിപ്പനി പോലുള്ള പകർച്ചവ്യാധികൾ തടയണം. വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ എലിപ്പനിക്കുള്ള പ്രതിരോധ മരുന്ന് കഴിക്കേണ്ടതാണ്.

ശ്രീ. അനൂപ് ജേക്കബ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെ പിന്തുണയ്ക്കുന്നു. വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ഡാം മാനേജ്മെന്റ്, വാട്ടർ മാനേജ്മെന്റ് സിസ്റ്റത്തിന്റെ അഭാവവുമാണ് ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നതിന് കാരണമായത്. ദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനായി സാധാരണ ജനങ്ങളും മത്സ്യത്തൊഴിലാളികളും നടത്തിയ സേവനങ്ങൾ പ്രശംസനീയമാണ്. ദുരിതബാധിതർക്ക് അടിയന്തര ധനസഹായമായി ഗവൺമെന്റ് പ്രഖ്യാപിച്ച 10,000 രൂപ അപര്യാപ്തമാണെങ്കിലും അവ കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണം. വീടുകളുടെ നഷ്ടം നിർണ്ണയിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കണം. പുഴകളുടെ തീരങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തികൾ നിർമ്മിക്കണം. കാർഷിക ലോണുകൾക്കനുവദിക്കുന്ന

ആശ്വാസ പദ്ധതികൾ കർഷകരെടുക്കുന്ന ലോണുകൾക്കും അനുവദിക്കണം. രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് പ്രത്യേക പരിഗണന നൽകണം. ദുരന്തത്തിലകപ്പെട്ട് ആശുപത്രികളിലെത്തിക്കാൻ കഴിയാതെ മരണപ്പെട്ടവരുടെ കുടുംബങ്ങളെയും ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട വ്യാപാരികളെയും വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവരെയും നഷ്ടപരിഹാരത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. തകർന്നുപോയ പഞ്ചായത്ത് റോഡുകൾ പുന:സ്ഥാപിക്കുന്നതിന് വൺടൈം മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണം. ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ ഫയർഫോഴ്സിന് നൽകണം. കാലാവസ്ഥാ മുന്നറിയിപ്പുകൾ അവഗണിച്ചത് ദുരന്തത്തിന്റെ ആഘാതം വർദ്ധിക്കുന്നതിന് കാരണമായി.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ദുരന്തത്തെക്കുറിച്ച് ചർച്ച ചെയ്യാൻ സഭാ സമ്മേളനം വിളിച്ചുചേർത്ത നടപടി അഭിനന്ദനാർഹമാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കണം. ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന വിഭാഗം ആവശ്യമുണ്ടോയെന്ന് പരിശോധിക്കുകയും ആ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള തുകയുപയോഗിച്ച് ഫയർഫോഴ്സിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്യണം. ജലാശയങ്ങൾക്ക് സമീപമുള്ള പോലീസ്

സ്റ്റേഷനുകൾക്കും ഫയർ സ്റ്റേഷനുകൾക്കും രണ്ട് ഡിങ്കി 100 ബി.എച്ച്.പി. പവർ എഞ്ചിനോടുകൂടിയ ബോട്ടുകൾ വീതം നൽകുന്നതിന് നടപടി സ്വീകരിക്കണം. മണൽ വാരലിനോടനുബന്ധിച്ച് നദികളിൽ രൂപം കൊണ്ടിട്ടുള്ള പുറ്റുകൾ നീക്കം ചെയ്യുന്നതിനും മഴയിൽ തകർന്നുപോയ റോഡുകളും ചെളി കയറിയ കുടിവെള്ള പദ്ധതികളും നന്നാക്കുന്നതിനും നടപടി സ്വീകരിക്കണം. മുഴുവൻ വർക്കുകളും ഒരുമിച്ച് ടെണ്ടർ ചെയ്യത്തക്ക രീതിയിൽ പി.ഡബ്ല്യൂ.ഡി. മാന്വലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.

ശ്രീ. ഒ. രാജഗോപാൽ: ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വിദഗ്ദ്ധരുടെ സേവനം ഉറപ്പു വരുത്താനും ഇതിനുവേണ്ടി ലഭിക്കുന്ന തുക ശാസ്ത്രീയമായ രീതിയിൽ വിനിയോഗിക്കുന്നതിനായി പ്രത്യേക അക്കൗണ്ടുകൾ തുടങ്ങാനും നടപടി സ്വീകരിക്കണം. നെൽകൃഷിക്കാർക്ക് വേണ്ടത്ര സഹായം നൽകുകയും നദികളുടെ ഭിത്തികൾ ബലപ്പെടുത്തുകയും വേണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുഖ്യമന്ത്രിയുടെ ദൃഢനിശ്ചയത്തോടുകൂടിയുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കേരളത്തിന് കരുത്ത് പകരുന്നതാണ്. നദീതീരങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഓറഞ്ച് അലെർട്ട്, റെഡ് അലെർട്ട് എന്നിവയെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം

നൽകണം. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സമാഹരിക്കുന്നതിനായി ഒരു വർഷക്കാലത്തെ ആർഭാട ഉദ്ഘാടനങ്ങളും പരിപാടികളും നിരോധിക്കണം. നവകേരള സൃഷ്ടിക്കായി സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: പ്രളയ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ധനദുർവിനിയോഗം തടയാൻ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കണം. 1924-ൽ വെള്ളപ്പൊക്കം ഉണ്ടായ സ്ഥലങ്ങളിലാണ് ഇത്തവണയും വെള്ളപ്പൊക്കമുണ്ടായിരിക്കുന്നത് എന്നതിനാൽ ഈ സ്ഥലങ്ങളിൽ കൂടുതൽ പുനരുദ്ധാരണ പ്രവർത്തനങ്ങളുണ്ടാകണം. കർഷകരെയും ചെറുകിട കർഷകരെയും സംരക്ഷിക്കുന്നതിന് നടപടിയുണ്ടാകണം. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കണം.

<u>ശ്രീമതി യു. പ്രതിഭ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ലോകം മുഴുവൻ വീക്ഷിച്ച പ്രളയദുരന്തത്തിന് ഐതിഹാസികമായ ദുരിതാശ്വാസ പ്രവർത്തനമാണ് കേരളത്തിൽ നടന്നത്. മന്ത്രിമാരുടെയും ഡിപ്പാർട്ടുമെന്റുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ഭയം അകറ്റി ധീരമായ നേതൃത്വം നൽകിയ മുഖ്യമന്ത്രിയുടെ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. എം.എൽ.എ.മാരുടെയും

ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ കുട്ടനാട്ടിലും ആലപ്പുഴയിലും നടന്ന ശുചീകരണ യജ്ഞം ചരിത്രത്തിൽത്തന്നെ ഇടംപിടിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളിൽനിന്നുള്ള സമർത്ഥരായ ചെറുപ്പക്കാരെ ഉൾപ്പെടുത്തി തീരദേശ സേന രൂപീകരിക്കണം. കുട്ടനാട്ടിലെ സ്കൂൾ കെട്ടിടങ്ങൾക്ക് സംഭവിച്ച ബലക്ഷയം പരിശോധിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യണം. ലൈഫ് പദ്ധതിയിലെ മാനദണ്ഡങ്ങളിലും ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിലും ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കണം. പാടശേഖരങ്ങളിലെ വെള്ളം പമ്പ് ചെയ്ത് മാറ്റുകയും നഷ്ടപ്പെട്ട രേഖകൾ നൽകുന്നതിനായി വാർഡുകളിൽ അദാലത്ത് നടത്തുകയും ചെയ്യണം. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പ്രകാരം നിരവധി ഉദ്യോഗസ്ഥർ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യാൻ തയ്യാറായത് അഭിനന്ദനാർഹമാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി മരണസംഖ്യ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ പുനർനിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങളിൽ ഒരുമിച്ച് നിൽക്കുകയും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേയ്ക്ക് നൽകുകയും ചെയ്യുന്നതാണ്. കാലാവസ്ഥാ പ്രവചനം നടത്തുന്നതിനായി ആധുനിക ഉപകരണങ്ങളും വിവിധ

ഏജൻസികളും സംസ്ഥാന ഗവൺമെന്റിന് ഉണ്ടായിട്ടും കൃത്യമായി നിരീക്ഷണം നടത്തി ദുരന്തത്തെ പ്രതിരോധിക്കാൻ സാധിച്ചില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണോ ഡാമുകൾ തുറന്നതെന്ന് പരിശോധിക്കുകയും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ജുഡീഷ്യൽ അന്വേഷണം നടത്തുകയും വേണം. മൺസൂൺ ബ്രേക്കിന്റെ സമയത്ത് ഡാമുകളിലെ വെള്ളം ഒഴുക്കിവിടാൻ നടപടി സ്വീകരിക്കുകയോ പറമ്പിക്കുളം ഡാമിലെ അധികജലം തമിഴ്നാട് കേരളത്തിലേയ്ക്ക് തുറന്നുവിട്ടത് സംബന്ധിച്ച് അന്വേഷിക്കുകയോ പ്രതിഷേധം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രളയബാധിതരായ എല്ലാവർക്കും ധനസഹായം നൽകുന്നതിനും കർഷകരുടെ കടം എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൽദോ എബ്രഹാം</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കാലവർഷക്കെടുതിമൂലമുണ്ടായ പ്രത്യാഘാതങ്ങളെ നേരിടുന്നതിനായി സംസ്ഥാന ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കഴിഞ്ഞത് സന്തോഷകരമാണ്. പറവൂർ നിയോജകമണ്ഡലത്തിൽ സർക്കാരും സന്നദ്ധപ്രവർത്തകരും ചേർന്ന് നടത്തിയ രക്ഷാപ്രവർത്തനങ്ങൾ അഭിനന്ദനമർഹിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനായി ദീർഘവീക്ഷണത്തോടുകൂടിയ നടപടി സ്വീകരിക്കുകയും

ഓരോ നഗരത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വേണം. പ്രളയംമൂലം തൊഴിൽ നഷ്ടപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുകയും തൊഴിൽ/വ്യാപാര മേഖലകൾക്കുണ്ടായ നഷ്ടം നികത്തുകയും വേണം. ഫ്ലഡ് വാണിംഗ് സിസ്റ്റം കാര്യക്ഷമമാക്കിയാൽ മുൻകരുതൽ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കും. പകർച്ചവ്യാധികൾ പിടിപെടുന്നതിനെതിരെ ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. താഴ്ന്ന പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തേണ്ടതും പുഴയുടെ തീരങ്ങളിൽ താമസിക്കുന്നവർക്ക് സുരക്ഷിതത്വം ഉറപ്പാക്കേണ്ടതും കെട്ടിടനിർമ്മാണത്തിലും കൃഷിരീതികളിലും ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ അവലംബിക്കേണ്ടതും അനിവാര്യമാണ്. നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും ചെയർമാൻമാർക്ക് ഭാവികേരളം കെട്ടിപ്പടുക്കുന്നതുസംബന്ധിച്ചും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതു സംബന്ധിച്ചും ബോധവത്കരണം നൽകണം. കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും പ്ലാനിംഗ് ബോർഡ് വിപുലീകരിക്കുന്നതിനും പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും നാശനഷ്ടങ്ങൾ ഉണ്ടായവർക്കുമുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതിനും പുതിയ വായ്പകൾ അനുവദിക്കുന്നതിനും കുടിവെള്ള

വിതരണം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. രണ്ട് മാസത്തെ ഓണറേറിയം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഡാം മാനേജ്മെന്റിനും സർക്കാർ മുൻഗണന നൽകണം. പ്രളയത്തിൽ സ്ഥലവും ജീവനോപാധികളും നഷ്ടപ്പെട്ടവരെ സംരക്ഷിക്കുന്നതിനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. മുല്ലപ്പെരിയാർ ഡാമിന്റെ കാലപരിധി നിശ്ചയിക്കുന്നതിനായി ഒരു അന്താരാഷ്ട്ര വിദഗ്ദ്ധ സമിതിയെ നിയമിക്കണം. മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുകയും കുടിവെള്ളം ഉറപ്പാക്കുകയും വേണം.

ശ്രീമതി വീണാ ജോർജ്ജ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയ ദുരന്തത്തിൽ സർവ്വവും നഷ്ടപ്പെട്ടവരെ ജീവിത യാഥാർത്ഥ്യത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള തീവ്രശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഊണും ഉറക്കവുമില്ലാതെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മത്സ്യത്തൊഴിലാളികൾ, ചെറുപ്പക്കാർ, അഗ്നിശമന സേന, പോലീസ്, ആർമി, വ്യോമസേന, മുങ്ങൽ വിദഗ്ദ്ധർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർക്ക് നന്ദി രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനം പുന:ക്രമീകരിക്കുന്നതിനും പുനരധിവാസ പ്രക്രിയ

ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിൽ നടത്തുന്നതിനും നടപടി സ്വീകരിക്കണം. ദുരന്തത്തിൽപ്പെട്ടവർക്ക് സഹായം ലഭിക്കുന്നതിനാവശ്യമായ അപേക്ഷാ ഫോമുകൾ നേരിട്ട് ലഭ്യമാക്കി പൂരിപ്പിച്ചുവാങ്ങുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തര നടപടി സ്വീകരിക്കണം. നിരന്തരം വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളിൽനിന്നും പാർപ്പിടങ്ങൾ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് മാറ്റി നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പ്രളയകാലത്ത് വെള്ളം ഒഴുകിയെത്തുന്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിന് ഹൈഡ്രോളജി വിഭാഗത്തിന്റെയും ഐ.ഐ.റ്റി.-യുടെയും സഹായത്തോടെ ജലവിഭവ-ഊർജ്ജ വകുപ്പുകൾ സഹകരിച്ചുകൊണ്ട് ഫ്ലഡ് മാപ്പിംഗ് സംവിധാനം തയ്യാറാക്കണം. വെള്ളപ്പൊക്കത്തിന്റെയും അണക്കെട്ടുകൾ തുറക്കുന്നതിന്റെയും വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മൊബൈൽ സന്ദേശം നൽകുന്നതിന് സംവിധാനമുണ്ടാക്കണം. കൗൺസിലിംഗ് ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. പമ്പാ സംരക്ഷണ പദ്ധതിയുൾപ്പെടെയുള്ള പാരിസ്ഥിതിക ഉത്തരവാദിത്തം നിറവേറ്റുന്നതിനുതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. എറണാകുളം-ഇടുക്കി ജില്ലകളിലെ അണക്കെട്ടുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ

ജനങ്ങൾ ഭീതിയിലാണ്. ഡാമുകൾ ഡീ-കമ്മീഷൻ ചെയ്യുന്നതിനെ സംബന്ധിച്ച് സർക്കാർ ശക്തമായ നിലപാടെടുക്കണം. അണക്കെട്ടുകൾ യഥാസമയം തുറന്നുവിടാത്തതിന്റെ ഫലമായുണ്ടായ ദുരന്തത്തിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പുകൾ ഏറ്റെടുക്കണം. പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്താൻ സാധിക്കാത്തവർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. പ്രളയത്തെ നേരിടുന്നതിനായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെയും ഫയർ & റെസ്ക്യൂ സർവ്വീസുകൾക്ക് ആവശ്യമായ ഉപകരണങ്ങളും സ്പീഡ് ബോട്ടുകളും നൽകാനും ആധുനിക രീതിയിലുള്ള സാധനസാമഗ്രികൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യാനും നടപടി സ്വീകരിക്കണം. ഈ മഹാപ്രളയം ഉണ്ടാകാനിടയായ സാഹചര്യത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം സാക്ഷിയായ മഹാപ്രളയത്തെ നേരിടാൻ സർക്കാർ മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും കൂടുതൽ കെടുതി അനുഭവിക്കുന്ന

പ്രദേശങ്ങളിൽ ആർ.ഡി.ഒ.-മാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പല എം.എൽ.എ.-മാരും ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് നേരിട്ട് സഹായങ്ങൾ എത്തിക്കാൻ നടപടി സ്വീകരിച്ചതിനുപുറമെ ചാലക്കുടി മണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളും കാര്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ജില്ലയിലെ മറ്റ് മണ്ഡലങ്ങളിൽപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നേരിട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾക്കായി നിന്നതുപോലെ പുനർനിർമ്മാണത്തിനും എല്ലാവരും ഒരുമിച്ച് നിൽക്കണം. ദുരന്തമുണ്ടാകുമ്പോൾ തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. തൃശ്ശൂർ ജില്ലയിലുണ്ടായ കെടുതിമൂലം 78 പേർ മരണപ്പെടുകയും 3597 വീടുകൾ പൂർണ്ണമായും 23172 വീടുകൾ ഭാഗികമായും നശിക്കുകയും ചെയ്തിട്ടുണ്ട്. ആനമല റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കാനും വ്യാപാരികളുടെ നഷ്ടത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കാനും പുറമ്പോക്കിൽ താമസിച്ചിരുന്നവർക്ക് സഹായം ലഭ്യമാക്കാനും ആദിവാസികളുടെ പുനരധിവാസം ഉറപ്പാക്കാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവ പൂർവ്വസ്ഥിതിയിലാക്കാനും പാക്കേജുകൾ തയ്യാറാക്കണം. പോലീസിനും ഫയർഫോഴ്സിനും ആധുനികരീതിയിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കാനും രേഖകൾ നഷ്ടപ്പെട്ടവർക്ക് പുതിയവ ലഭ്യമാക്കാനും

പഞ്ചായത്ത് അടിസ്ഥാനത്തിൽ കോൾ അലെർട്ട് സംവിധാനം ഉൾപ്പെടെയുള്ള ദുരന്തനിവാരണ സംവിധാനങ്ങൾ ഏർപ്പെടുത്താനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ്. തോമസ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. രക്ഷാപ്രവർത്തനങ്ങളിൽ ഒരുമിച്ചുനിന്നതുപോലെ പുനർനിർമ്മാണ പ്രവർത്തനങ്ങളിലും എല്ലാവരും യോജിച്ചുനിൽക്കണം. ദുരന്തം ഉണ്ടാകാനിടയായ സാഹചര്യങ്ങളെക്കുറിച്ച് പഠിക്കാൻ തയ്യാറാകണം. അശാസ്ത്രീയമായി നിർമ്മിച്ച പാലങ്ങൾ കുട്ടനാട്ടിലെ രക്ഷാപ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. കെ.സി. പാലം പൊളിച്ചുപണിയാൻ അടിയന്തര നടപടി സ്വീകരിക്കണം. 10,000 രൂപയുടെ അടിയന്തര സഹായം വിതരണം ചെയ്യുന്നതിനും കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്നതിനും കുടിവെള്ളമെത്തിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മൂന്നാർ മേഖലയിൽ വാർത്താ വിനിമയ സംവിധാനങ്ങൾ പൂർണ്ണമായി പുന:സ്ഥാപിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ പല സ്ഥലങ്ങളും ഇപ്പോഴും ഒറ്റപ്പെട്ട അവസ്ഥയിലാണ്. അടിമാലി, മാങ്കുളം, വെള്ളത്തൂവൽ, പള്ളിവാസൽ, ബൈസൻവാലി തുടങ്ങിയ

മേഖലകളിൽ വളരെയേറെ നാശനഷ്ടങ്ങളും പതിനെട്ട് മരണങ്ങളുമുണ്ടായിട്ടുണ്ട്. 22 സ്കൂളുകൾക്ക് നാശനഷ്ടം സംഭവിച്ചു. വീട് നഷ്ടപ്പെട്ടവരെ ലൈഫ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റുകളിലോ മറ്റേതെങ്കിലും സൗകര്യപ്രദമായ കെട്ടിടങ്ങളിലേയ്ക്കോ മാറ്റി താമസിപ്പിക്കണം. ചട്ടങ്ങളിൽ ഇളവ് വരുത്തി ദുരിതാശ്വാസ/പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം. വായ്പകളുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുക്കണം. ഫയർഫോഴ്സ് ശക്തിപ്പെടുത്തുന്നതിനും ദേവികുളം മണ്ഡലത്തിൽ ഒരു മാസത്തേയ്ക്ക് സൗജന്യറേഷൻ നൽകുന്നതിനും നടപടിയെടുക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഇടുക്കി ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകണം.

ശ്രീ. അടൂർ പ്രകാശ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സമാനതകളില്ലാത്ത മഹാപ്രളയ ദുരന്തത്തിന് സാക്ഷ്യം വഹിച്ച കേരളത്തിൽ വിവിധ സേനാവിഭാഗങ്ങളുടെയും പൊതുജനങ്ങളുടെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെയും ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനത്തിലൂടെ ലക്ഷക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചുവെന്നത് അവിസ്മരണീയമായ വസ്തുതയാണ്. പ്രളയദുരന്തത്തിന്റെ തീവ്രതയും വ്യാപ്തിയും കണക്കിലെടുത്ത് ഇതൊരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിനും

പ്രളയബാധിതരെ ദുരിതത്തിൽ നിന്നും കരകയറ്റുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കാനും വിദേശ സഹായം യഥാസമയം നേടിയെടുക്കാനും കക്ഷിരാഷ്ട്രീയ ഭേദമെന്യേ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാവശ്യമാണ്. ഇടുക്കി ഡാമിന്റെ ഷട്ടറുകൾ തുറക്കുന്നതുസംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ റവന്യൂ-ജല-വൈദ്യുതി വകുപ്പുകൾക്ക് കഴിയാത്തതും വകുപ്പുകൾ തമ്മിലുള്ള തർക്കവുമാണ് കേരള ജനതയ്ക്ക് ഇത്രയേറെ നാശനഷ്ടം വരുത്തിവച്ചതെന്ന യാഥാർത്ഥ്യം സർക്കാർ തിരിച്ചറിയണം. ഷട്ടറുകൾ തുറക്കുന്നതിനുമുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാനോ ജനങ്ങൾക്കാവശ്യമായ മുന്നറിയിപ്പ് നൽകാനോ മുൻകരുതൽ നടപടികൾ സ്വീകരിക്കാനോ സർക്കാർ തയ്യാറായില്ലെന്നത് അപലപനീയമാണ്. ദുരന്തങ്ങൾ പ്രവചിക്കുന്നതിനും നേരിടുന്നതിനും ശാസ്ത്ര സാങ്കേതിക രംഗത്തെ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളമൊന്നടങ്കം മഹാപ്രളയത്തെ അഭിമുഖീകരിച്ച സന്ദർഭത്തിൽ ആലുവ പ്രദേശവാസികളെ സംസ്ഥാന ഭരണകൂടം അവഗണിച്ചുവെന്നത് തികച്ചും ദു:ഖകരമാണ്. കൃത്യമായ മുന്നറിയിപ്പോ മുന്നൊരുക്കമോയില്ലാതെ ഡാം തുറന്നുവിട്ടതിൽ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്കും സർക്കാരിനും പറ്റിയ വീഴ്ച സംബന്ധിച്ച് അന്വേഷിക്കണം.

പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനും പ്രളയബാധിത പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും പൂർണ്ണമായി വീടുകൾ നഷ്ടപ്പെട്ടവർക്ക് പകരം വീടുകൾ നിർമ്മിച്ച് നൽകുന്നതിനും ബന്ധുവീടുകളിൽ താമസിച്ച ദുരിതബാധിതർക്കുകൂടി സർക്കാർ നൽകുന്ന ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സമാനതകളില്ലാത്ത ദുരന്തമാണ് വയനാടിന് ഏറ്റുവാങ്ങേണ്ടി വന്നതെങ്കിലും മുൻകരുതൽ സ്വീകരിച്ചതിനാൽ വൻഅപകടങ്ങൾ ഒഴിവാക്കാൻ സാധിച്ചു. അധികമായുണ്ടായ മഴയും ഉരുൾപൊട്ടലുമാണ് വൻദുരന്തത്തിനിടയാക്കിയത്. വീട് ഭാഗികമായി നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകാനും തകർന്ന റോഡുകളും പാലങ്ങളും പുനരുദ്ധരിക്കാനും കഴിയണം. കാർഷിക വിളകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച കാലത്തുള്ള പലിശ ഒഴിവാക്കുന്നതിനും വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താനും ക്ഷീരകർഷകരുടെ കടങ്ങൾ എഴുതിത്തള്ളാനും തുമ്പൂർമൂഴിയിലെ വെച്ചൂർ പശുക്കളുടെ നഷ്ടത്തിന്റെ കാര്യത്തിൽ സാധ്യമായ സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. നവകേരള സൃഷ്ടിയിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ രാഷ്ട്രീയ ഭേദമില്ലാതെ ഒന്നിച്ചു പ്രവർത്തിക്കണം. വീടുകളും സ്ഥലങ്ങളും വാസയോഗ്യമാക്കുന്നതിനും പരിസ്ഥിതി

ആഘാത പഠനത്തിൽ ജനസുരക്ഷ ഉറപ്പാക്കിയുള്ള നിയമങ്ങൾ കൊണ്ടുവരുന്നതിനും പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രത്യേക പഠനം നടത്തി ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയെ ശക്തിപ്പെടുത്തി അവർക്കാവശ്യമുള്ള സാധനങ്ങൾ എത്തിക്കുന്നതിനും സാധിക്കണം. പരസ്പരം കുറ്റാരോപണം നടത്താതെ നവകേരള സൃഷ്ടിക്കായി ഒറ്റക്കെട്ടായി നിലകൊള്ളണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തൊട്ടാകെയുണ്ടായ ദുരന്തങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കണ്ണൂർ ജില്ലയിൽ ദുരന്ത തീവ്രത കൂടുതലായിരുന്നു. വീടുകളുടെ നഷ്ടപരിഹാര തുകയിൽ കാലോചിതമായ മാറ്റം വരുത്താനും ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകൾ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താനും പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം നൽകാനും തയ്യാറാകണം. വയനാട്ടിലേയ്ക്ക് പോകാനുള്ള പാൽച്ചുരം റോഡ് പുനർനിർമ്മിക്കുന്നതിനും ചുരത്തിന് സമാന്തര പാത നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ദുരിതബാധിത പ്രദേശത്തെ എം.എൽ.എ.- മാർക്ക് 10 കോടി രൂപയുടെ ആസ്തിവികസന ഫണ്ട് അധികമായി അനുവദിക്കണം. കാലവർഷക്കെടുതിക്കായി കൂടുതൽ കേന്ദ്രസഹായം ആവശ്യപ്പെടുകയും വിദേശ

ഏജൻസികൾ, എ.ഡി.ബി. ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും വായ്പകളും സ്വീകരിച്ച് നവകേരള സൃഷ്ടിക്കായി ഒരുമിച്ച് നിൽക്കുകയും ചെയ്യണം.

ശ്രീ. എ. പി. അനിൽ കുമാർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയം അതിപ്രളയമായത് ഡാമുകൾ തുറന്നുവിട്ടതിലെ പാളിച്ചയാണെന്നുള്ളത് അംഗീകരിക്കാൻ തയ്യാറായില്ലെങ്കിൽ നവകേരള സൃഷ്ടി ഒരു തുടർപ്രക്രിയയായി എല്ലാ വർഷങ്ങളിലും നടത്തേണ്ടിവരും. രൂക്ഷമായ മഴക്കാലത്ത് ഡാമുകൾ തുറക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ജലവിഭവം-വൈദ്യുതി വകുപ്പുകളും ഡിസാസ്റ്റർ മാനേജ്മെന്റും സംയുക്തമായി ചർച്ച ചെയ്യണം. പ്രളയത്തെ നേരിടുന്ന കാര്യത്തിൽ കേരള ജനത ഒറ്റക്കെട്ടായി പ്രവർത്തിച്ചത് ലോകത്തിനുതന്നെ മാതൃകയാണ്. അർഹരായ എല്ലാവർക്കും ക്ഷേമപെൻഷൻ നൽകാൻ നടപടി സ്വീകരിക്കണം. വണ്ടൂർ നിയോജകമണ്ഡലത്തിൽ ഏതാണ്ട് 20 കോടിയോളം രൂപയുടെയും കരുവാരക്കുണ്ട് പഞ്ചായത്തിൽ അഞ്ചുകോടിയോളം രൂപയുടെയും നാശനഷ്ടമുണ്ടായിട്ടുണ്ട്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കും മറ്റ് നാശനഷ്ടങ്ങളുണ്ടായവർക്കും അർഹമായ ധനസഹായം നൽകണം. തകർന്ന പാലങ്ങളുടെയും റോഡുകളുടെയും നഷ്ടം നിയോജകമണ്ഡലാടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി അതിനാനുപാതികമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. രക്ഷാപ്രവർത്തനങ്ങളിൽ കേരളീയർ ഒരുമിച്ച് നിന്നുവെന്നുള്ളത് ആശ്വാസകരമാണ്. തുടർച്ചയായ കാലവർഷവും വർഷങ്ങൾക്കുശേഷം ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ഒരുമിച്ച് തുറക്കേണ്ടിവന്നതും പ്രളയത്തിന് കാരണമായി. ഇടുക്കി നിയോജകമണ്ഡലത്തിൽ 30 പേർ മരണപ്പെടുകയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപകമായുണ്ടാകുകയും റോഡുകൾ പൂർണ്ണമായി തകരുകയും ചെയ്തു. റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കണം. ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഭയന്ന് വീടുകളിൽനിന്നും മാറിത്താമസിച്ചവർക്ക് അടിയന്തര സഹായത്തിന് അർഹതയുണ്ടോയെന്നത് പുന:പരിശോധിക്കണം. ഭാഗികമായി തകർന്ന് വാസയോഗ്യമല്ലാതായ വീടുകൾ പൂർണ്ണമായും തകർന്ന വീടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തണം. കാർഷിക മേഖലയിലെ നഷ്ടം കണക്കാക്കി പൂർണ്ണമായി കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകാനും താമസിപ്പിക്കാൻ സാധ്യമല്ലാത്ത പ്രദേശങ്ങളിലുള്ള ആളുകളെ പുനരധിവസിപ്പിക്കാനും അഞ്ചുലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ എഴുതിത്തള്ളാനും നടപടി സ്വീകരിക്കണം. കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കാൻ എല്ലാവർക്കും കഴിയണം.

<u>ശ്രീ. കെ. ബാബു</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പാലക്കാട് ജില്ലയിൽ 23

പേർ മരണപ്പെടുകയും 1117 വീടുകൾ പൂർണ്ണമായും 4220 വീടുകൾ ഭാഗികമായി തകരുകയുമുണ്ടായി. എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉദ്യോഗസ്ഥരെയും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നാളിതുവരെയും നടത്തിയത്. നെന്മാറയിലെ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അടിയന്തര സഹായമായി 10,000 രൂപയും  ആശ്രിതർക്ക് 4 ലക്ഷം രൂപ വീതവും  നൽകാനും നെല്ലിയാംപതിയിൽ ഒറ്റപ്പെട്ടുപോയവർക്ക് ഭക്ഷണവും മെഡിക്കൽ സംഘത്തിന്റെ സേവനവും ലഭ്യമാക്കാനും  സർക്കാരിന് സാധിച്ചിട്ടുണ്ട്. തകർന്ന റോഡുകൾ പുന:സ്ഥാപിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് പകുതി കൂലിയെങ്കിലും ലഭ്യമാക്കുന്നതിനും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>  ഉപക്ഷേപത്തെ പിന്താങ്ങുന്നു. യാതൊരു മുന്നറിയിപ്പുമില്ലാതെ ഡാമുകൾ തുറന്നത് വയനാട് ജില്ലയിൽ  ദുരന്തത്തിന്റെ ആഘാതം വർദ്ധിപ്പിക്കുന്നതിന് കാരണമായി. പാർപ്പിടം നഷ്ടപ്പെട്ടവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിച്ചുനൽകുന്നതിനും ക്യാമ്പുകളിൽ നിന്നും തിരികെപോകുന്നവർക്ക് നഷ്ടപ്പെട്ട സാധനങ്ങൾ വാങ്ങുന്നതിനായി പ്രഖ്യാപിച്ച ആശ്വാസ പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ശരിയായ ഏകോപനമില്ലാതെയാണ് വയനാട് ജില്ലയിൽ ദുരിതാശ്വാസ

പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ദുരന്തത്തിനിടയിലും ബാങ്ക് ഉദ്യോഗസ്ഥർ ജപ്തി നോട്ടീസുകൾ പുറപ്പെടുവിക്കുന്നത് ഖേദകരമാണ്. കാർഷിക കടങ്ങൾ ഏറ്റെടുക്കുന്നതിനും കർഷകർക്ക് അഞ്ച് വർഷത്തെ കാലപരിധി നിശ്ചയിച്ചുകൊണ്ട് അഞ്ച് ലക്ഷം രൂപ പലിശരഹിത വായ്പയായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. തകർന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിക്കുന്നതിനും ചെറുകിട വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിനും കർഷകർക്കും തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം. നദീതീരങ്ങളിൽ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയത്തെ അഭിമുഖീകരിക്കേണ്ടിവന്ന മുഴുവൻ പേർക്കും സാമ്പത്തികസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 10,000 രൂപ അപര്യാപ്തമാണെങ്കിലും അത് അടിയന്തരമായി ലഭ്യമാക്കണം. കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടം ഗൗരവമായി പരിഗണിക്കണം. പുഴയോരങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിനും തകർന്ന റോഡുകൾ അടിയന്തരമായി

നന്നാക്കുന്നതിനും നടപടി സ്വീകരിക്കണം. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിസ്ഥിതി ലോല പ്രദേശങ്ങളിലുള്ള കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിപ്പിക്കുന്നതിനും തയ്യാറാകണം. പ്രളയത്തെത്തുടർന്നുണ്ടായ എക്കൽ മണ്ണ് പ്രയോജനപ്പെടുത്തി ജൈവകൃഷി വ്യാപകമാക്കണം. ഡിസാസ്റ്റർ മാനേജ്മെന്റ് സംബന്ധിച്ചുള്ള ചട്ടങ്ങൾ പരിഷ്കരിക്കുകയും റിവർ മാനേജ്മെന്റ് ഫണ്ട് അതാത് ജില്ലകളിൽ പരിപൂർണ്ണമായി പ്രയോജനപ്പെടുത്തുകയും ചെയ്യണം. സെപ്റ്റംബർ 15-ാം തീയതിക്കുമുമ്പ് കണക്കെടുപ്പ് പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ഉദ്യോഗസ്ഥരെ ജില്ലകളിൽ തിരികെ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. നവകേരള സൃഷ്ടിയെ സംബന്ധിച്ച പ്രോജക്ട് തയ്യാറാക്കുന്നതിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തണം.

ശ്രീ. ആന്റണി ജോൺ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജനകീയ പങ്കാളിത്തത്തോടുകൂടി കൈകാര്യം ചെയ്യാൻ ഗവൺമെന്റിന് സാധിച്ചത് സ്വാഗതാർഹമാണ്. പട്ടയമില്ലാത്ത ഭൂമിയിൽ താമസിച്ചിരുന്നവർക്കുകൂടി സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്കാവശ്യമായ സഹായങ്ങൾ നൽകണം. ഈ ദുരന്തത്തെ ഒരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം. കേരളത്തിന് വിദേശ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. കാർഷിക മേഖലയിലെ നാശനഷ്ടങ്ങൾ നികത്താനും റോഡുകളുടെ പുനർ നിർമ്മാണത്തിനും ഒരുമിച്ച് പ്രവർത്തിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയത്തിൽ ഏറ്റവും കൂടുതൽ വീടുകൾ നഷ്ടപ്പെട്ട പാലക്കാട് നിയോജകമണ്ഡലത്തിന് റീഹാബിലിറ്റേഷന്റെ കാര്യത്തിൽ കാര്യമായ പരിഗണന ലഭിക്കണം. മലമ്പുഴ ഡാമിന്റെ ഷട്ടർ 30 സെ.മീറ്ററിൽ നിന്ന് 150 സെ.മീറ്ററായി ഉയർത്തിയതുകൊണ്ടാണ് ഇത്രയും നാശനഷ്ടമുണ്ടായത്. വാടകവീടുകളിൽ താമസിക്കുന്ന ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണം. പ്രളയബാധിത മേഖലകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും പ്രവർത്തിച്ച യുവാക്കളെ അഭിനന്ദിക്കുന്നു. സർക്കാരിന്റെ ഹൗസിംഗ് പ്രോജക്ട് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ എല്ലാവിധ പിന്തുണയും നൽകുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. എറണാകുളം ജില്ലയിലെ ചേരാനല്ലൂർ പഞ്ചായത്തിൽ 25,000-ത്തോളം പേരെ ദുരിതാശ്വാസ ക്യാമ്പുകളിലെത്തിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങളിലും രാഷ്ട്രീയ വ്യത്യാസമില്ലാതെ സംഘടനകൾ ഒരുമിച്ച് പ്രവർത്തിക്കുകയുണ്ടായി. റവന്യൂ വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ

വീഴ്ചമൂലം ദുരിതബാധിതർക്ക് അർഹമായ ധനസഹായം ലഭിക്കാത്ത സാഹചര്യമുണ്ടാകരുത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെട്ട മത്സ്യത്തൊഴിലാളികളെ ആദരിച്ചത് ശ്ലാഘനീയമാണ്. കടൽഭിത്തി നിർമ്മിച്ച് കടലാക്രമണം തടയാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. വി. അൻവർ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ വെള്ളപ്പൊക്കമുണ്ടായതിനെത്തുടർന്ന് കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയിൽ ഗതാഗതം തടസ്സപ്പെടുകയും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മറ്റും പതിനൊന്ന് പേർ മരണപ്പെടുകയും 143 വീടുകൾ പൂർണ്ണമായും ആയിരത്തിലധികം വീടുകൾ ഭാഗികമായും നശിക്കുകയും 3638 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിലാവുകയും ചെയ്തിട്ടുണ്ട്. മഴക്കാലത്ത് ക്യാമ്പുകളായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ അടച്ചിടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേനലവധി മേയ്, ജൂൺ മാസങ്ങളിലാക്കാൻ നടപടി സ്വീകരിക്കണം. വെള്ളപ്പൊക്ക സാധ്യതാ മേഖലകളിലെ സ്കൂളുകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കുട്ടനാട് മേഖലയിൽ വെള്ളപ്പൊക്കം നേരിടുന്നതിനായി എലിവേറ്റഡ് ഹൗസുകൾ നിർമ്മിക്കുന്നതിനും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയ മേഖലകളിൽ ഒറ്റവീടുകൾക്ക് പകരം അപ്പാർട്ട്മെന്റുകൾ നിർമ്മിക്കുന്നതിനും നടപടി

സ്വീകരിക്കണം. കനാലുകളും കൈവഴികളുമുണ്ടാക്കി പെരിയാർ നദിയിലെ വെള്ളം തിരിച്ചുവിടുന്നതിനാവശ്യമായ പദ്ധതി നടപ്പാക്കണം. ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഉരുൾപൊട്ടലുകളുടെ കണക്കെടുക്കുന്നതുൾപ്പെടെ കാലാവസ്ഥാ വ്യതിയാനം, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവയുടെ കാരണം കണ്ടെത്തുന്നതിനായി സാറ്റലൈറ്റ് സർവ്വേ നടത്തുന്നതിനും യുവാക്കൾക്ക് പരിശീലനം നൽകിക്കൊണ്ട് പഞ്ചായത്തുകളിൽ ദുരന്ത നിവാരണ സേന രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. റിവർ മാനേജ്മെന്റ് ഫണ്ട് അതത് ജില്ലകളിൽത്തന്നെ വിനിയോഗിക്കണം. ശക്തമായ മഴയാണ് പ്രളയക്കെടുതികൾക്ക് കാരണമായതെന്ന് കേന്ദ്ര ജല കമ്മീഷൻ ഉൾപ്പെടെ വ്യക്തമാക്കിയിട്ടുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. അശാസ്ത്രീയമായി ഡാമുകൾ തുറന്നതുകൊണ്ടുണ്ടായ പ്രളയമാണെന്ന് നാസ ഉൾപ്പെടെ വ്യക്തമാക്കിയിട്ടുണ്ട്. ഡാം തുറക്കുന്നതുസംബന്ധിച്ച് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കണം. ഉരുൾപൊട്ടിയ മേഖലകളിൽ മണ്ണിടിയുന്നതുൾപ്പെടെയുള്ള ഭീഷണികൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ പുനരധിവാസം ഒഴിവാക്കണം. പുനരധിവാസ പദ്ധതിയിൽ അട്ടപ്പാടി ചുരം ബദൽ റോഡ് കൂടി

ഉൾപ്പെടുത്തണം. ദുരിതാശ്വാസ ക്യാമ്പിൽ അഭയം പ്രാപിക്കാത്ത ദുരിതബാധിതർക്കുകൂടി സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരം ലഭ്യമാക്കണം. റിലീഫ് ഫണ്ടിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കുകയും കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തര സഹായം നൽകുകയും വേണം.

ശ്രീ. കെ. രാജൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയ ദുരന്തത്തെ നേരിടാൻ സംസ്ഥാന സർക്കാരിന്റെ പരിശ്രമത്തിലൂടെ വിദേശത്തുനിന്നുൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഉരുൾപൊട്ടിയ മേഖലകളിൽ മലകൾ വിണ്ടുകീറി നിൽക്കുന്നതുൾപ്പെടെയുള്ള ഭീഷണി നിലനിൽക്കുകയാണ്. പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് സുസ്ഥിര വികസനം ഉറപ്പുവരുത്തി ഒരു പുതിയ കേരളം കെട്ടിപ്പടുക്കുന്നത് സംബന്ധിച്ച് സഭ ഗൗരവതരമായി ചർച്ചചെയ്യണം. പ്രളയ ദുരന്തത്തിന്റെ ആഘാതത്തിൽ മലയോര മേഖലയിൽ സംഭവിച്ച സോയിൽ പൈപ്പിംഗ് എന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് പഠനം നടത്തണം. വീടും ഭൂമിയും നഷ്ടപ്പെട്ട ദുരന്തബാധിതർക്ക് അവ നൽകുന്നതിനും കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും തീരുമാനമെടുത്തത് സ്തുത്യർഹമാണ്. ആരോഗ്യ വകുപ്പിന്റെ സേവനപ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികൾ കാഴ്ചവച്ച ഉജ്ജ്വലമായ ഇടപെടലുകളും വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളും

പഠനോപകരണങ്ങളും വിതരണം ചെയ്യാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. ഒല്ലൂർ നിയോജകമണ്ഡലത്തിൽ Non-revertible വനഭൂമിയിൽ താമസിക്കുന്ന ആളുകളുടെ വസ്തുവകകൾ നഷ്ടപ്പെട്ടതിന് പരിഹാരമുണ്ടാക്കണം.

ഡോ. എം. കെ. മുനീർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയദുരന്തത്തെത്തുടർന്ന് ജനങ്ങളിലുണ്ടായ മാനസിക സംഘർഷം പരിഹരിക്കുന്നതിനായി കൗൺസിലിംഗ് നടപടികൾ ഊർജ്ജിതപ്പെടുത്തണം. കേരളത്തിലെ അണക്കെട്ടുകൾ യഥാസമയം തുറന്നുവിടുന്നതിൽ വീഴ്ച വരുത്തിയ ജലവിഭവം-ഊർജ്ജം എന്നീ വകുപ്പുകളുടെ പങ്കിനെക്കുറിച്ചും എമർജൻസി ആക്ഷൻ പ്ലാൻ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിക്കാത്തതിനെക്കുറിച്ചും ജനപ്രതിനിധികൾക്കും ജനങ്ങൾക്കും ആവശ്യമായ മുന്നറിയിപ്പ് നൽകാതിരുന്നതിനെക്കുറിച്ചും അന്വേഷണം നടത്തണം. ദുരന്തത്തെക്കുറിച്ച് വിദഗ്ദ്ധരെ നിയോഗിച്ച് പഠനം നടത്തുന്നതിനും വീഴ്ചവരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തീരുമാനമെടുക്കണം. കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ട പരമാവധി സഹായങ്ങൾ നേടിയെടുത്തുകൊണ്ട് നവകേരള സൃഷ്ടിക്കായി ശ്രമിക്കണം. പ്രതിസന്ധി ഘട്ടത്തിൽ റവന്യൂ റിക്കവറി നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനായി ബാങ്ക് മാനേജർമാരുടെ അടിയന്തര യോഗം വിളിക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ പ്രതികൂല സാഹചര്യങ്ങളെ മറികടന്ന് പ്രളയബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി ആളപായം പരമാവധി കുറയ്ക്കാൻ സാധിച്ചത് പ്രശംസനീയമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിലൂടെ സന്നദ്ധ സംഘടനകളുടെയും മത്സ്യത്തൊഴിലാളികളുടെയും സഹായത്തോടെ രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചു. ദുരന്തമേഖലകളിൽ സൈനികരും സ്തുത്യർഹമായ സേവനമാണ് കാഴ്ചവച്ചത്. ദുരന്തനിവാരണത്തിന്റെ ഭാഗമായി ടെലിമെട്രിക് സ്റ്റേഷൻ, ഫ്ലഡ് വാണിംഗ് സിസ്റ്റം, ഇൻമോഷൻ മാപ് തുടങ്ങിയവ സെൻട്രൽ വാട്ടർ കമ്മീഷൻ കേരളത്തിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മാണ രീതികൾ സ്വീകരിച്ച് ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കണം. വായ്പാ തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം. ദുരന്തബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം നടത്താനായി ടോറസ് വണ്ടികൾ വിട്ടുകൊടുത്ത ഉടമകളെയും ഡ്രൈവർമാരേയും ക്യാമ്പുകൾ സംഘടിപ്പിക്കാൻ മുൻകയ്യെടുത്ത സന്നദ്ധപ്രവർത്തകർ, യുവജനങ്ങൾ തുടങ്ങിയവരേയും അഭിനന്ദിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം നേരിട്ട ദുരന്തത്തെ അതിജീവിക്കാനും ജനങ്ങൾ നേരിടുന്ന

പ്രശ്നങ്ങൾ പരിഹരിക്കാനും കൂട്ടായി ശ്രമിക്കണമെന്നതാണ് ഇന്നത്തെ ചർച്ചയുടെ കാതൽ. പ്രളയമുണ്ടായതുമുതൽ രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ വെടിഞ്ഞ് ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരുമിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്താനുള്ള നിലപാടാണ് സ്വീകരിച്ചത്. കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പ്രതിപക്ഷം ഗവൺമെന്റിനോടൊപ്പമുണ്ടാകുമെന്ന കാര്യത്തിൽ ഉറപ്പുതരുന്നു. കേരളത്തിലുണ്ടായ പ്രളയം മനുഷ്യനിർമ്മിതമാണെന്നും ഇത് മുൻകൂട്ടി കാണുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്നും വിദഗ്ദ്ധ അഭിപ്രായങ്ങളുയർന്ന സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ ദുരന്ത കാരണങ്ങളെപ്പറ്റി ശാസ്ത്രീയ പഠനം നടത്തുന്നതോടൊപ്പം ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനും സർക്കാർ തയ്യാറാകണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ജില്ലകളുടെ ചുമതല നൽകിയിരുന്ന മന്ത്രിമാരുടേയും റവന്യൂ വകുപ്പിന്റേയും പ്രവർത്തനം പൂർണ്ണ പരാജയമായിരുന്നു. കേരള ജനതയെ ദുരിതത്തിൽ നിന്നും കര കയറ്റാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. മൺസൂൺ കാലയളവിൽ ലഭിച്ച അധികജലം സ്റ്റോർ ചെയ്യാൻ സാധിക്കാത്തതും യാതൊരു മുന്നറിയിപ്പുമില്ലാതെ വൈദ്യുതി-ജലവിഭവ വകുപ്പുകളുടെ മുഴുവൻ ഡാമുകളും ഒരുമിച്ച് തുറന്നുവിട്ടതും ഡാം മാനേജ്മെന്റിന്റെ വീഴ്ചയും ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ മുന്നറിയിപ്പ് അവഗണിച്ചതുമാണ്

ഇത്തരമൊരു മഹാവിപത്തിന് കേരളം സാക്ഷ്യം വഹിക്കാൻ ഇടയാക്കിയത്. ഇടുക്കി ഡാം തുറക്കുന്നതിനു മുന്നോടിയായി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടറുടെയും പഞ്ചായത്തു പ്രസിഡന്റുമാരുടെയും ജനപ്രതിനിധികളുടെയും യോഗം ചേർന്ന് മുൻകരുതൽ നടപടി സ്വീകരിച്ചതുപോലെ മറ്റ് ജില്ലകളിലെ ഡാമുകൾ തുറക്കുന്നതിനുമുമ്പ് അത്തരമൊരു നിലപാട് സ്വീകരിക്കുകയോ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയോ ചെയ്യാത്തതും ഖേദകരമാണ്. നാഷണൽ ഹൈഡ്രോളജി പ്രോജക്ട് അനുസരിച്ച് കേരളത്തിന് ലഭിച്ച 82 കോടി രൂപ ഫലപ്രദമായി വിനിയോഗിക്കാത്തത് ജലവിഭവ വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയാണ് കാണിക്കുന്നത്. വെള്ളപ്പൊക്ക ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര തീർപ്പുകൽപ്പിക്കൽ ട്രൈബ്യൂണൽ സ്കീം മുഖേന അർഹതപ്പെട്ട ആളുകൾക്ക് അടിയന്തരമായി സഹായം എത്തിക്കണം. അവശ്യസാധനങ്ങൾക്ക് 10 ശതമാനം സെസ് ജി.എസ്.ടി.ക്ക് മേൽ ചുമത്തണമെന്ന നിർദ്ദേശം പിൻവലിക്കണം. 5 ലക്ഷം രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണം. ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് ആവശ്യമായ സഹായം അടിയന്തരമായി ലഭ്യമാക്കണം. ഇൻഷ്വറൻസ് കമ്പനിയുമായി ആലോചിച്ച് ജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നേടിക്കൊടുക്കാൻ ശ്രമിക്കണം. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സ്പെഷ്യൽ പാക്കേജ് അനുവദിക്കാൻ

നടപടി സ്വീകരിക്കണം. കൂടുതൽ പണം കടമെടുക്കാതെ മറ്റ് രാജ്യങ്ങൾ, ഐ.എം.എഫ്., എ.ഡി.ബി., യു.എൻ. എന്നിവ മുഖേനയുള്ള ധനസഹായം സ്വീകരിക്കാൻ തയ്യാറാകണം. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഭ ഒറ്റക്കെട്ടായി നിൽക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കേരള നിയമസഭാ ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ലാത്ത ഒരു നടപടിക്രമമാണ് ഇന്ന് നടക്കുന്നത്. മഴ കൂടുതൽ പെയ്ത ദിവസങ്ങളിൽ ഡാമുകളിലെ ഷട്ടറുകൾ ഉയർത്തിയിട്ടുണ്ട്. ഡാമുകൾ അശാസ്ത്രീയമായി തുറന്നതുകൊണ്ടാണ് കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായതെന്നുള്ള പരാമർശം പ്രതിപക്ഷം ഒഴിവാക്കണം. തോട്ടപ്പള്ളി സ്പിൽവേയിലെ പൊഴി മുറിക്കുന്നതിനാവശ്യമായ ഭരണാനുമതി കൊടുക്കുകയും മഴക്കാലം തുടങ്ങുന്നതിന് മുമ്പുതന്നെ പ്രവൃത്തി പൂർത്തീകരിക്കുകയും മൺസൂൺ മൂലമുണ്ടായ അമിതജലം കുട്ടനാട്ടിൽ പ്രളയം സൃഷ്ടിക്കുമെന്ന് മുൻകൂട്ടിക്കണ്ട് പൊഴിമുഖത്തിന്റെ ആഴവും വീതിയും കൂട്ടുകയും ചെയ്തിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ നിയന്ത്രണം ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡ് ഏറ്റെടുത്തിരിക്കുന്നതിനാൽ ജൂലൈയിൽ മഴ കൂടിയപ്പോൾ പ്രസ്തുത പദ്ധതി പ്രദേശത്തെ ഡാമുകൾ നിറയുകയും അവ തുറക്കുന്നത് സംബന്ധിച്ച് വ്യക്തമായ മുന്നറിയിപ്പ് നൽകുകയും ഇതിനെ നേരിടുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയായപ്പോൾത്തന്നെ വെള്ളം ഡിസ്ചാർജ്ജ് ചെയ്യണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടുവെങ്കിലും അവരത് പരിഗണിച്ചില്ല. മലമ്പുഴ ഡാമിന്റെ പരമാവധി സംഭരണശേഷിയിൽനിന്ന് അധികജലം ഉയർന്ന സാഹചര്യത്തിലാണ് ഡാം തുറക്കേണ്ടിവന്നത്. പ്രകൃതി ദുരന്തത്തെപോലെ തുടർപ്രവർത്തനങ്ങളെയും ഒരുമിച്ചുനിന്ന് നേരിടണം. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ജലവിഭവ വകുപ്പും വൈദ്യുതി വകുപ്പും പരസ്പര ധാരണയോടെയും ഏകോപനത്തോടെയുമാണ് പ്രവർത്തിച്ചത്. പ്രകൃതി ദുരന്തം നിമിത്തം പ്രവർത്തനരഹിതമായി മാറിയ വാട്ടർ സപ്ലൈ സ്കീമുകളിൽ 3% ഒഴികെയുള്ളവ പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ സോഴ്സുകളിൽ നിന്നും ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യാനുള്ള ശ്രമം നടത്തുന്നതാണ്. ഡാമുകളിൽ ഒഴുകിയെത്തിയതിനെക്കാൾ 3.6 മില്ല്യൺ ക്യൂബിക് മീറ്റർ ജലം മാത്രമാണ് കൂടുതലായി പുറത്തുവിട്ടിട്ടുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കാലവർഷക്കെടുതികൾ നേരിടുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ നേരത്തെതന്നെ ആരംഭിച്ചിരുന്നു. ശക്തമായ മഴയെത്തുടർന്നുള്ള വെള്ളപ്പൊക്കവും വ്യാപകമായുണ്ടായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും മരണസംഖ്യ വർദ്ധിക്കുന്നതിനും കൃഷിനാശത്തിനും

കാരണമായിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും കാര്യക്ഷമമായി നടത്തുന്നതിലും റവന്യൂ വകുപ്പ് പ്രധാന പങ്ക് വഹിച്ചു. മറ്റ് വിഭാഗങ്ങളെപ്പോലെ റവന്യൂ വകുപ്പിലെ 18,000-ത്തോളം വരുന്ന ജീവനക്കാരുടെ സജീവമായ പങ്കാളിത്തമാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ളത്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുമ്പോൾ അതിൽ പങ്കാളികളായവർ തന്നെ ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. ആഗസ്റ്റ് മാസത്തിൽ റേഷൻ വിതരണം 76% നടന്നിരിക്കുകയാണ്. ഇനിയും വീടുകളിൽ എത്താത്തവർക്ക് നിശ്ചയിച്ചിട്ടുള്ള റേഷൻ ലഭ്യമാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, ഇടുക്കി ജില്ലകളെ പ്രളയ ബാധിത ജില്ലകളായും കൊല്ലം ജില്ലയിലെ 37-ഉം മലപ്പുറം ജില്ലയിലെ 53-ഉം പാലക്കാട് ജില്ലയിലെ 57-ഉം കണ്ണൂർ ജില്ലയിലെ 21-ഉം വില്ലേജുകൾ പ്രളയ ബാധിത വില്ലേജുകളായും പ്രഖ്യാപിച്ചിട്ടുണ്ട്. എസ്.ഡി.ആർ.എഫ്.-ൽ നിന്നും അനുവദിച്ചിട്ടുള്ള 634.91 കോടി രൂപ എല്ലാ ജില്ലകളിലും ആവശ്യമായ വിധത്തിൽ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രളയ ബാധിത പ്രദേശങ്ങൾ പുതുക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്താനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. പ്രളയത്തെത്തുടർന്ന് മാറി താമസിച്ചവർ പ്രളയ ദുരന്ത ബാധിതരാണെന്ന വില്ലേജുതല റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ സഹായം നൽകുന്നതിന് തീരുമാനമെടുക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രളയദുരന്തത്തെക്കുറിച്ച് നടന്ന ഗൗരവതരമായ ചർച്ചയിൽ പുനർനിർമ്മാണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുണ്ടായില്ല. വീണ്ടും വിവിധ തലങ്ങളിൽ ചർച്ച ചെയ്തുവേണം പുനർനിർമ്മാണത്തിന് അന്തിമ രൂപം നൽകേണ്ടതെന്നാണ് സർക്കാരിന്റെ തീരുമാനം. ഇതുസംബന്ധിച്ച കരട് രൂപരേഖ മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്. പുനർനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും ഒരു നിർദ്ദേശവും ചർച്ചയിൽ ഉയർന്നുവന്നില്ല. പരിസ്ഥിതി കൂടി കണക്കിലെടുത്തുവേണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതെന്നുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. ദുരന്ത ബാധിത പ്രദേശങ്ങളിൽ വീണ്ടും പ്രളയം വന്നാൽ ബാധിക്കാത്ത വിധത്തിലായിരിക്കണം പുനർനിർമ്മാണം നടത്തേണ്ടത്. ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള സ്ഥലങ്ങളെക്കുറിച്ച് ശാസ്ത്രീയ അന്വേഷണം നടത്തുകയും അത്തരം സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ കഴിയുമോയെന്ന് ഗൗരവമായി പരിശോധിക്കുകയും വേണം. പരിസ്ഥിതിക്കനുയോജ്യമായ വിവരസാങ്കേതികവിദ്യയുടെ സുസ്ഥിര വികസന പദ്ധതി ആവിഷ്കരിക്കണമെന്ന നിർദ്ദേശവും പുനരധിവാസ നടപടികൾക്ക് അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധരുടെ ഉപദേശം തേടണമെന്ന നിർദ്ദേശവും പരിഗണിക്കുന്നതാണ്. റിസർവോയറുകളുടെ

പരിപാലനത്തിനും മഴയെ പ്രതിരോധിക്കാൻ ശേഷിയുള്ള റോഡുകൾ നിർമ്മിക്കുന്നതിനും പുഴയോരങ്ങളിലെ വീടുകളും കൃഷിയും സംരക്ഷിക്കുന്നതിനും ചെറുകിട വ്യാപാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഡാം സുരക്ഷാ അതോറിറ്റിയിൽ കൂടുതൽ വിദഗ്ധരെ നിയമിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. പ്രളയത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്. കാലവർഷക്കെടുതിയുടെ അനുഭവങ്ങളെ വിശകലനം ചെയ്ത് നിലവിലുള്ള സമ്പ്രദായങ്ങളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ളവരെയും വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെയും ഉൾപ്പെടുത്തി കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ സ്കീമിനെ ശക്തിപ്പെടുത്തുന്നതും ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി സ്കൂബാ റെസ്ക്യൂ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ വാട്ടർ റെസ്ക്യൂ എന്ന പരിശീലന കേന്ദ്രത്തിന്റെ ആസ്ഥാനമാക്കി ഉയർത്തുന്നതുമാണ്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിനെയും പോലീസ് സേനയെയും ആധുനികവത്കരിക്കുകയും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനാവശ്യമായ പരിശീലനം പോലീസിന് നൽകുകയും രക്ഷാ പ്രവർത്തനങ്ങൾ നേരിടുന്നതിനായി വിവിധ

മേഖലകളിൽ പരിശീലനം സിദ്ധിച്ചവരുടെ ടീം രൂപീകരിക്കുകയും ചെയ്യുന്നതാണ്. മത്സ്യത്തൊഴിലാളികളിൽനിന്നും സമർത്ഥരായ 200 ചെറുപ്പക്കാരെ ഉൾപ്പെടുത്തി തീരദേശ സേന രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലവർഷത്തെ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ചചെയ്യുന്നതിന് ആഗസ്റ്റ് 7-നുതന്നെ യോഗം ചേരുകയും നടപടികൾ സ്വീകരിക്കുകയുമുണ്ടായി. കാലാവസ്ഥാ പ്രവചനത്തിലുണ്ടായിരുന്ന ന്യൂനതകളാണ് പ്രശ്നങ്ങളുണ്ടാകാൻ കാരണമായത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് അനുസരിച്ചുള്ള മുൻകരുതൽ നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു. ഇടുക്കി അണക്കെട്ടിന്റെ ഷട്ടർ തുറക്കാവുന്ന ഏറ്റവും കുറഞ്ഞ വാട്ടർ ലെവലായ 2373 അടി വരെ വെള്ളമെത്തുന്നത് ജൂലൈ 17-നു മാത്രമാണ്. കാലവർഷാരംഭം മുതൽ ആഗസ്റ്റ് മാസം 8-ാം തീയതിവരെ ലഭിച്ച അധിക മഴ 15% മാത്രമാണ്. ആഗസ്റ്റ് 1-ാം തീയതി മുതൽ 8-ാം തീയതി വരെ പെയ്ത മഴ പ്രതീക്ഷിച്ചതിൽനിന്നും 38% കുറവും ആയിരുന്നു. എന്നാൽ അതിനുശേഷം പ്രവചനാതീതമായി മഴ വർദ്ധിക്കുകയാണുണ്ടായത്. അപ്രതീക്ഷിത മഴ സംഭവിക്കുന്നതിന്റെ ഒരു സൂചനയും കാലാവസ്ഥാ വകുപ്പിന്റെ പ്രവചനത്തിൽ ഉണ്ടായിരുന്നില്ല. ആഗസ്റ്റ് 8-ാം തീയതിയുണ്ടായ അപ്രതീക്ഷിത മഴമൂലം ജലനിരപ്പ് ക്രമാതീതമായി

ഉയർന്നതിനാലാണ് ഇടുക്കി ഡാം 9-ാം തീയതി തുറന്നുവിടേണ്ടി വന്നത്. വേലിയേറ്റ-വേലിയിറക്ക സമയം പരിഗണിച്ചുകൊണ്ടു തന്നെയാണ് ചെറുതോണി അണക്കെട്ട് തുറന്നത്. കർക്കിടക വാവ് ആയതിനാൽ ആഗസ്റ്റ്-11-ന് വേലിയിറക്ക സമയത്തും കടൽനിരപ്പ് കൂടുതലായതിനാലാണ് ജലം കടലിലേയ്ക്ക് ഒഴുകിപ്പോകുന്നതിൽ താമസമുണ്ടായത്. ഡാം തുറന്നുവിടുന്നതിനുമുമ്പ് മുന്നറിയിപ്പ് നൽകുകയും റിവ്യൂ മീറ്റിംഗുകൾ കൂടി ഓരോ സമയത്തേയും അവസ്ഥ വിലയിരുത്തുകയും ചെയ്തിരുന്നു. ഐ.എം.ഡി.-യുടെ നിർദ്ദേശം ആഗസ്റ്റ് മാസം 14-ാം തീയതി മാത്രമാണ് ലഭിച്ചത്. പറവൂർ മേഖലയിൽ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ 200-ലധികം പോലീസുകാരെ വിന്യസിക്കുകയും മത്സ്യത്തൊഴിലാളികളും അഗ്നിശമന സേനയും കേന്ദ്രസേനയും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുകയും ചെയ്തിരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് യഥാസമയം സർക്കാർ ഇടപടൽ നടത്തിയതുകൊണ്ടാണ് സുപ്രീംകോടതിയിൽനിന്നും അനുകൂല വിധി ഉണ്ടായതും 139 അടിയായി ജലനിരപ്പ് പരിമിതപ്പെടുത്തണമെന്ന് കേന്ദ്ര ജല കമ്മീഷനിൽനിന്ന് ശിപാർശ ലഭിക്കുകയും ചെയ്തത്. 775.6 മീറ്റർ സംഭരണശേഷിയുള്ള ബാണാസുരസാഗർ അണക്കെട്ടിൽ വെള്ളത്തിന്റെ അളവ് കവിയുമ്പോൾ നദിയിലേയ്ക്ക് ഒഴുക്കിവിടേണ്ട സാഹചര്യമുള്ളതുകൊണ്ടാണ് ഘട്ടംഘട്ടമായി ഷട്ടർ

ഉയർത്തിയത്. അണക്കെട്ടുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ നദികളിൽനിന്ന് വെള്ളം കവിഞ്ഞൊഴുകിയപ്പോഴാണ് പ്രളയമുണ്ടായത്. അണക്കെട്ടുകൾ തുറന്നുവിട്ടതുകൊണ്ടാണ് പ്രളയമുണ്ടായത് എന്ന പ്രതിപക്ഷ ആരോപണം വസ്തുതാവിരുദ്ധമാണ്. അതിതീവ്രമായ മഴയാണ് കേരളത്തിലെ പ്രളയത്തിന് കാരണമായതെന്നും അണക്കെട്ടുകളുടെ പ്രവർത്തനങ്ങളിൽ പിശകുണ്ടായിട്ടില്ലെന്നും കേന്ദ്ര ജല കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് വർദ്ധിച്ചപ്പോൾ കുറച്ച് വെള്ളം തുറന്ന് വിടണമെന്ന ആവശ്യം തമിഴ്നാട് സർക്കാർ നിരസിച്ചതിനാലാണ് സർക്കാർ സുപ്രീംകോടതിയെയും പ്രധാനമന്ത്രിയെയും സമീപിച്ച് അനുകൂല ഉത്തരവ് നേടിയത്. രക്ഷാപ്രവർത്തനങ്ങൾക്കായി കേന്ദ്രസേനകളെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾത്തന്നെ വിവിധ സേനാവിഭാഗങ്ങൾ കേരളത്തിലെത്തുകയും 74,060 പേരെ രക്ഷപ്പെടുത്തുകയും ചെയ്തു. സേനാ തലവന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ നടത്തിയ അവലോകന യോഗങ്ങൾ രക്ഷാപ്രവർത്തനം സുഗമമാക്കി. കേരളത്തിലെ ആർമി സ്റ്റേഷനുകളിൽ 6 ഡിങ്കി ബോട്ടുകളും സ്കൂബ സംവിധാനങ്ങളും ഒരു എം.ഐ.-16 ഹെലികോപ്റ്ററും നിലനിർത്തണമെന്ന് ജൂലൈ മാസത്തിൽ പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. പ്രളയത്തിലകപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന 3,61,800 കുടുംബങ്ങൾക്ക് കിറ്റുകൾ വിതരണം ചെയ്യാൻ തീരുമാനിക്കുകയും 2,36,904

കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ദുരിതത്തിന് ഇരയായി ക്യാമ്പുകളിൽ താമസിക്കാതിരുന്നവർക്കും കിറ്റുകൾ നൽകുന്നതിനായി ജില്ലാ കളക്ടർമാർ വിവരം ശേഖരിച്ചുവരുന്നുണ്ട്. ക്യാമ്പുകളിൽനിന്നും വീടുകളിലേയ്ക്ക് തിരികെ പോയ 48,774 കുടുംബങ്ങൾക്ക് 10,000/- രൂപ വീതം നൽകുകയും മറ്റുള്ളവർക്ക് തൊട്ടടുത്ത ദിവസങ്ങളിൽ നൽകുന്നതുമാണ്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച 107 കോടി രൂപയിൽ ഇതിനകം ചെലവഴിച്ചിട്ടുള്ളതും ഉത്തരവായിട്ടുള്ളതും 65.68 കോടി രൂപയാണ്. SDRF-ൽ ഓഖി ഘട്ടത്തിൽ ലഭിച്ചത് 111 കോടി രൂപയും CMDRF-ഉം ചേർത്ത് 218 കോടി രൂപയുള്ളതിൽ ഉത്തരവായതും ചെലവഴിച്ചതുമായ തുക ഏകദേശം 116 കോടി രൂപയാണ്. ഓഖി ഇനത്തിൽ ഇനിയും 201 കോടി രൂപയുടെ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. ഓഖിക്കുവേണ്ടി കേന്ദ്രം നൽകിയതോ CMDRF-ൽ ജനങ്ങളിൽനിന്ന് ലഭിച്ചതോ ആയ തുക സർക്കാർ വകമാറ്റി ചെലവഴിച്ചിട്ടില്ല. പ്രളയത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവർക്ക് സ്ഥലത്തിന് ആറ് ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. സ്ഥലം ലഭ്യമാക്കാൻ പലരും സന്നദ്ധമാകുന്നുണ്ടെങ്കിലും വീട് വച്ചുനൽകണമെന്ന നിർദ്ദേശം എത്രമാത്രം പ്രായോഗികമാകുമെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. ദുരന്തബാധിതർക്ക് പ്രാഥമിക സഹായമായ 3800/- രൂപയും 10000/- രൂപയും

ലഭ്യമാക്കുന്നതിന് പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. പ്രളയ ദുരിതാശ്വാസത്തിനുള്ള പ്രത്യേക അക്കൗണ്ടിൽനിന്നാണ് പണം ചെലവഴിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന് ഓരോ പഞ്ചായത്തുകളിലും ഡമ്പിംഗ് യാർഡ് വേണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കും. ഫ്ലഡ് മാപ്പിംഗ് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ മികവുറ്റ പ്രവർത്തനമാണ് റവന്യൂ വകുപ്പ് നടത്തിയത്. ഇറിഗേഷൻ വകുപ്പിന്റെയും കെ.എസ്.ഇ.ബി.യുടെയും പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. യു.എ.ഇ.-ൽനിന്ന് കൂടുതൽ സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര ഗവൺമെന്റിൽനിന്ന് സ്പെഷ്യൽ പാക്കേജ് നേടിയെടുക്കാൻ ശ്രമിക്കുന്നതാണ്. കേരളത്തിന്റെ പുനർസൃഷ്ടിക്ക് നമുക്ക് ഒന്നിച്ച് മുന്നോട്ടുനീങ്ങാം.

## III ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): " 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിൽ ഉടനീളം പെയ്ത കനത്ത മഴയുടെ ഫലമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാവുകയും കേരളം ഇന്നോളം ദർശിച്ചിട്ടില്ലാത്ത തരത്തിലുള്ള പ്രകൃതിദുരന്തം ഏറ്റുവാങ്ങേണ്ട അവസ്ഥ സംജാതമാവുകയും ചെയ്തു. ഈ ദുരന്തം

കേരളത്തിന്റെ സമസ്തമേഖലകളിലും ഏൽപ്പിച്ച ആഘാതം ഇനിയും പൂർണ്ണമായി കണക്കാക്കപ്പെട്ടിട്ടില്ല. ശാസ്ത്രീയാടിസ്ഥാനത്തിൽ നാശനഷ്ടങ്ങളുടെയും പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളുടെയും കൃത്യമായ കണക്കുകൾ തയ്യാറാക്കാൻവേണ്ടി വിദഗ്ധർ ഉൾപ്പെടുന്ന ഒരു പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

കേരളത്തിലെ 981 വില്ലേജുകളിലായി 55 ലക്ഷത്തോളം ആളുകൾ പ്രളയദുരന്തത്തിന് ഇരയായതായി കണക്കാക്കപ്പെടുന്നു. ദുരന്തത്തിൽ 483 പേർ മരിക്കുകയും 14 പേരെ കാണാതാവുകയും ചെയ്തു. ഇതിനുപുറമെ ഗുരുതരമായ പരിക്കുകൾ പറ്റിയ 140 പേരും ഉണ്ട്. മരണസംഖ്യ പരമാവധി കുറയ്ക്കുകയും പ്രളയബാധിതരെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്നതിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകിയത്. ഈ മഹാദൗത്യത്തിൽ കേന്ദ്ര-സംസ്ഥാന സംവിധാനങ്ങളും സ്വന്തം ജീവൻ പണയപ്പെടുത്തി മത്സ്യത്തൊഴിലാളികളും യുവാക്കളും സന്നദ്ധപ്രവർത്തകരും സജീവമായി അണിനിരന്നു. ഇവരോടൊപ്പം ജനപ്രതിനിധികളാകെയും ദുരിതാശ്വാസ പ്രവർത്തനത്തിലും ശുചീകരണ പ്രവർത്തനങ്ങളിലും സ്തുത്യർഹമായ പങ്ക് വഹിച്ചു. ഇവരുടെയെല്ലാം സേവനം അഭിമാനപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം ഇവരോടുള്ള കേരള സംസ്ഥാനത്തിന്റെ കടപ്പാടും

നന്ദിയും ഈ സഭ രേഖപ്പെടുത്തുന്നു.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളുടെ ഫലമായി 3,879 ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചവരുടെ എണ്ണം 2018 ആഗസ്റ്റ് 21-ലെ കണക്കുപ്രകാരം 3,91,494 കുടുംബങ്ങളിൽപ്പെട്ട 14,50,707 പേർ ആണ്. എന്നാൽ ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം ഇപ്പോൾ 305 ആയി കുറയുകയും ക്യാമ്പുകളിൽ കഴിയുന്നവരുടെ എണ്ണം 16,763 കുടുംബങ്ങളിൽ നിന്നുള്ള 59,296 പേർ ആയി കുറയുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധനസാമഗ്രികളും ധനസഹായവും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും മാത്രമല്ല സംസ്ഥാനത്തിന് പുറത്തുനിന്നും രാജ്യത്തിന് പുറത്തുനിന്നുപോലും പ്രവഹിക്കുന്ന ആവേശജനകമായ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ദുരിതാശ്വാസ ക്യാമ്പുകളിൽ ദൃശ്യമായ സൗഹാർദ്ദവും മൈത്രിയും, പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള ആത്മവിശ്വാസവും ദൃഢനിശ്ചയവും പ്രത്യേക പരാമർശം അർഹിക്കുന്നു. ഒരുമയുടെയും കൂട്ടായ്മയുടെയും മഹനീയ മാതൃകയായി ലോകം വിലയിരുത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളത്തിനകത്തും പുറത്തുമുള്ള മാധ്യമ പ്രവർത്തകർ വഹിച്ച പങ്ക് പ്രത്യേകമായ പ്രശംസ അർഹിക്കുന്നു. സ്വന്തം ജീവൻപോലും പണയപ്പെടുത്തിയാണ് നിരവധി മാധ്യമ പ്രവർത്തകർ ദുരന്തഭൂമിയിൽ

എത്തി ദുരന്തത്തിന്റെ തീവ്രത പൊതു സമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തിയതെന്ന കാര്യം ഈ സഭ നന്ദിയോടെ സ്മരിക്കുന്നു.

ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും തുടർന്നുള്ള പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തികസ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എല്ലാ മേഖലകളിൽനിന്നും സംഭാവനകൾ ഗണ്യമായ തോതിൽ എത്തിക്കൊണ്ടിരിക്കുന്നു. ന്യായാധിപൻമാർ, സർക്കാർ ഉദ്യോഗസ്ഥർ, പ്രവാസികൾ, വ്യവസായികൾ, തൊഴിലാളികൾ, സന്നദ്ധസംഘടനകൾ, മാധ്യമങ്ങൾ, അഭിഭാഷകർ, വിദ്യാർത്ഥികൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളും പരമാവധി സംഭാവന നൽകാൻ മുന്നോട്ടുവരുന്നുണ്ട്. കേരളത്തെ സ്നേഹിക്കുന്ന എല്ലാവരും ഈ മഹായത്നത്തിൽ സജീവ പങ്കാളികളാകും എന്ന കാര്യത്തിൽ സംശയമില്ല. എല്ലാത്തരം വിഭാഗീയചിന്താഗതികൾക്കും അതീതമായി കേരളത്തെ പുനർനിർമ്മിക്കാനുള്ള ദൃഢനിശ്ചയത്തോടെ ഒരു പുതിയ കൂട്ടായ്മയും യോജിപ്പിന്റെ ഒരു പുതിയ സംസ്കാരവും ഉയർന്നുവരുന്നുവെന്നതിൽ ഈ സഭ അഭിമാനവും സന്തോഷവും രേഖപ്പെടുത്തുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളിലും കേരളത്തിന്റെ പുനർനിർമ്മാണത്തിലും എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചുകൊണ്ട് മുന്നേറണമെന്ന് ഈ സഭ ആഹ്വാനം ചെയ്യുന്നു.

ഈ ആഘാതത്തിൽനിന്നും കരകയറുക മാത്രമല്ല, "കൂടുതൽ മെച്ചപ്പെട്ട നിലയിൽ പുനർനിർമ്മിക്കുക (Build Back Better)" എന്ന മാതൃക അവലംബിച്ചുകൊണ്ട് ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്ന വലിയ ലക്ഷ്യത്തിലേയ്ക്ക് നീങ്ങുമ്പോൾ, അതിനാവശ്യമായ വിഭവസമാഹരണം നടത്തുക എന്നത് അസാധാരണമായ വെല്ലുവിളികൾ ഉയർത്തുന്നു. ഇപ്പോൾ നൽകിയിട്ടുള്ള താത്കാലികമായ ആദ്യഗഡു എന്ന നിലയിലുള്ള 600 കോടി രൂപയ്ക്ക് പുറമെ നാശനഷ്ടങ്ങളുടെ അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും പര്യാപ്തമായ കേന്ദ്രസഹായം അനുവദിക്കണമെന്ന് കേരള നിയമസഭയുടെ ഈ പ്രത്യേക സമ്മേളനം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. പ്രളയക്കെടുതിയുണ്ടായപ്പോൾ പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും കേരളം സന്ദർശിക്കാനെത്തിയെങ്കിലും നവകേരള സൃഷ്ടിക്കായുള്ള തുടർ പ്രവർത്തനങ്ങളിൽ പൂർണ്ണമായ സഹകരണം ഇനിയും കേരളം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള അതിബൃഹത്തായ ഒരു പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുമ്പോൾ സാങ്കേതികമേഖലയിലും ധനസമാഹരണത്തിന്റെ കാര്യത്തിലും അന്താരാഷ്ട്രതലത്തിലുള്ള സഹകരണവും സഹായവും ആവശ്യമായി വരുന്നതാണ്. അതിനാൽ വിദേശ രാജ്യങ്ങൾ, ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികൾ, ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ ഏജൻസികൾ

എന്നിവ നൽകാൻ തയ്യാറുള്ള സാമ്പത്തിക-സാങ്കേതിക സഹായവും സഹകരണവും കേരളത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് പുനർനിർമ്മാണത്തിന് പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നും കൂടുതൽ കേന്ദ്രസഹായം അനുവദിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു. ഉപക്ഷേപം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപക്ഷേപം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## IV പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ.പി. ജയരാജൻ</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

(ദേശീയഗാനാലാപനത്തോടെ സഭ വൈകുന്നേരം 5.45-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)